അന്താരാഷ്ട്ര പുസ്തകവർഷം 1972

പുസ്തകപ്രദർശനം

പുസ്തകപ്രദർശനം

പുസ്തകപ്രദർശനം

പുസ്തകപ്രദർശനം

പുസ്തകപ്രദർശനം

പുസ്തകപ്രദർശനം

കോട്ടയം

1972

പുസ്തകപ്രദർശനം

കോട്ടയം

മാമ്മൻമാപ്പിളഹാൾ

31-8-1972—3-9-1972

പ്രദർശനക്കമ്മററി
പ്രസിദ്ധപ്പെടുത്തുന്നത്

1972 ആഗസ്റ്റ്

വില 1 രൂപ

പ്രസാധകക്കുറിപ്പ്

കോട്ടയത്തെ പുസ്തകപ്രദർശനത്തിൻെറ ചെറിയൊരു സ്മാരകമായിട്ടാണ് ഈ ലഘുഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നത്. കോട്ടയത്തു വൻതോതിൽ നടത്തുന്ന രണ്ടാമത്തെ പ്രദർശനമാണിതു്. (ഒന്നാമത്തേതു് 1957–ലായിരുന്നു.) ഈ പ്രദർശനത്തിനു പല പ്രത്യേകതകളുമുണ്ടു്. പുസ്തകവർഷാഘോഷങ്ങളുടെ ഭാഗമെന്ന നിലയിൽ നടത്തുന്ന പ്രദർശനമാണിതു്. തിരുവനന്തപുരത്തെ പ്രദർശനം കഴിഞ്ഞു. കോട്ടയത്തിനുശേഷം എറണാകുളത്തും കോഴിക്കോട്ടും കൂടിയുണ്ടു്. ദൽഹിയിലെ നാഷനൽ ബുക്ക്ട്രസ്റ്റ് ആണു് പ്രധാനമായും ഈ പ്രദർശനങ്ങളുടെ ചുമതലയെടുത്തിട്ടുള്ളതു്. കോട്ടയത്തെ പ്രദർശനത്തിൽ, സാഹിത്യപ്രവർത്തക സഹകരണസംഘവും കോട്ടയം പബ്ലിക്ക് ലൈബ്രറിയും ട്രസ്റ്റിനോടു സഹകരിക്കുന്നു. ഇതിനു പുറമെ ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു കമ്മററിയുമുണ്ടു്.

വിവിധ ഇന്ത്യൻ ഭാഷകളിലുള്ള പുസ്തകങ്ങളും ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഇംഗ്ലീഷ് പുസ്തകങ്ങളുമാണു്, ഈ പ്രദർശനത്തിലുള്ളതു്. കൂടാതെ മലയാളത്തിലെ ഒട്ടുവളരെ അപൂർവ്വ ഗ്രന്ഥങ്ങളുമുണ്ടു്. ഈ അപൂർവ്വഗ്രന്ഥങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നവയാണെന്നു്, പ്രദർശനഗ്രന്ഥങ്ങളുടെ ലിസ്റ്റ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. സാധാരണഗതിയിൽ ഒരു പുസ്തകപ്രദർശനത്തിൽ വയ്ക്കാൻ കഴിയാത്തവിധം വിലപിടിച്ച ഗ്രന്ഥങ്ങളാണിവ.

ഈ പ്രദർശനത്തിൻെറ വിജയത്തിനു സഹകരിച്ച എല്ലാവർക്കും കമ്മററിയുടെപേരിൽ നന്ദി പറയുന്നു. പ്രത്യേകിച്ചും നാഷനൽ ബുക്ക്ട്രസ്റ്റിനു്.

കോട്ടയം
31 ആഗസ്റ്റ് 1972

ഡി. സി. കിഴക്കെമുറി
സെക്രട്ടറി, പ്രദർശനക്കമ്മററി

ഉള്ളടക്കം

Printed at India Press, Kottayam—310872/700

Edited by JOHN PELLISSERY

പ്രദർശനത്തിൽ

ആധുനികഗ്രന്ഥങ്ങൾ

		എണ്ണം (ഏകദേശം)
1.	മലയാളപുസ്തകങ്ങൾ	1000
2.	ഹിന്ദി പുസ്തകങ്ങൾ	600
3.	ഉറുദു പുസ്തകങ്ങൾ	250
4.	സംസ്കൃതപുസ്തകങ്ങൾ	100
5.	തെലുഗ് പുസ്തകങ്ങൾ	400
6.	കന്നട പുസ്തകങ്ങൾ	400
7.	തമിഴ് പുസ്തകങ്ങൾ	500
8.	ഇംഗ്ലീഷ് (ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തിയവ)	1000
9.	പേപ്പർ ബാൿസ് (വിവിധ ഭാഷകൾ)	300
10.	കുട്ടികൾക്കുള്ള പുസ്തകങ്ങൾ (വിവിധഭാഷകൾ)	300

അപൂർവ്വഗ്രന്ഥങ്ങൾ

1. ഹോർത്തൂസ് മലബാറിക്കൂസ്
2. സംക്ഷേപവേദാർത്ഥം
3. പുതിയ നിയമം
   കോട്ടയം സി. എം. എസ്. പ്രസ്സിൽ അച്ചടിച്ചതു്. 1829. കേരളത്തിൽ ആദ്യം അച്ചടിച്ച പുസ്തകം. 342 പേജ്.
4. ഗുണ്ടർട്ടിന്റെ നിഘണ്ടു
5. പുതിയ നിയമം
   ബോംബെ കൂറിയർ പ്രസ്സ്. 1811. പേജ് 560.
6. മലയാളം ഇംഗ്ലീഷ് നിഘണ്ടു
   ബെഞ്ചമിൻ ബെയിലി തയ്യാറാക്കിയതു്. സി. എം. എസ്. പ്രസ്സ് 1846. പേജ് 852.
7. ഇംഗ്ലാണ്ഡചരിത്രം
   കോട്ടയം. 1884. 324 പേജ്.
8. അയല്ക്കാരനെ കൊന്നവന്റെ കഥ
   1872. പേജ് 46.

9. അഞ്ചു പവ്വ്ങ്ങദം
അർണോസ് പാതിരി. കുനമ്മാവ്. 1873. പേജ് 342.

10. വർത്തമാനപ്പുസ്തകം
പാറേമ്മാക്കൽ ഗോവർണദോരച്ചൻ. ഇന്ത്യയിലെ ആദ്യത്തെ യാത്രാ വിവരണം (1786). അതിരമ്പുഴ. 1936-ൽ അച്ചടിച്ചു. പേജ് 562.

11. മലയാംഭാഷയുടെ വ്യാകരണം
ജോർജ്ജ് മാത്തൻ. 1863. പേജ് 214.

12. പുതിയ നിയമം
തലശ്ശേരി. 1854. കല്ലച്ചിലടിച്ചത്.

13. ഒരു പ്രകരണം
ജി. കരിയൻപാദ്രി 1872. പേജ് 95

14. ശ്രീയേശുവിജയം
കട്ടക്കയം, ഒന്നാംപതിപ്പ്, 1926

15. അമരകോശം പാരമേശ്വരീവ്യാഖ്യാനം
ടി. സി. പരമേശ്വരൻമൂസ്സത്, ഒന്നാംപതിപ്പ്, തൃശ്ശൂർ, 1914, പേജ് 825

16. കൊച്ചിരാജ്യചരിത്രം
സി. അച്ചുതമേനോൻ, പേജ് 996

17. ഉദയംപേരൂർ സൂനഹദോസിന്റെ കാനോനാകൾ
ഒന്നാംഭാഗം, കോട്ടയം, 1909

18. The Travancore State Manual
V. Nagam Aiya, Trivandrum, 1906

പത്രങ്ങൾ

1. ജ്ഞാനനിക്ഷേപം ഒന്നാംലക്കം 1848 നവമ്പർ
2. ദീപിക (നസ്രാണിദീപിക) ഒന്നാംലക്കം 1887 ഏപ്രിൽ 15
3. മലയാള മനോരമ ഒന്നാംലക്കം 1890 മാർച്ച് 22

1972—അന്താരാഷ്ട്രപുസ്തകവർഷം

റെനെ മാഹി
(യുനെസ്കോ ഡയറക്ടർ ജനറൽ)

യുനെസ്കോയുടെ ജനറൽ കോൺഫറൻസ് അന്താരാഷ്ട്രപുസ്തകവർഷമായി ഐകകണ്ഠ്യേന പ്രഖ്യാപിച്ചിട്ടുള്ള 1972 നാം കൊണ്ടാടുകയാണ്. ഈ സംരംഭത്തിൽ പങ്കുചേരാൻ ലോകത്തിലെ എല്ലാ രാജ്യങ്ങളെയും ഞാൻ ക്ഷണിക്കുന്നു. ഓരോ രാജ്യവും അതിന്റെ ആവശ്യവും ശേഷിയും അനുസരിച്ചു പങ്കെടുത്തു് 'എല്ലാവർക്കും പുസ്തകങ്ങൾ' എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കേണ്ടതാണ്.

എഴുതപ്പെട്ട വാക്ക് ആയിരക്കണക്കിനു വർഷങ്ങളായും അച്ചടിച്ച വാക്ക് നൂററാണ്ടുകളായും വിജ്ഞാനത്തിൻെറ സംരക്ഷണത്തിലും വിതരണത്തിലും കാതലായ പങ്കു നിർവ്വഹിച്ചുപോന്നിട്ടുണ്ട്. മനുഷ്യൻെറ ചിന്തയ്ക്കു രൂപം നല്കുന്നതിനും അവൻെറ സ്വാതന്ത്ര്യം പിടിച്ചെടുക്കുന്നതിനുമുള്ള കാര്യക്ഷമമായ ക്രൂട്ടായിരുന്നിട്ടുണ്ട് അതു്. ചില സംസ്കാരങ്ങൾ വാക്കും ആംഗ്യവുംമൂലം ഉണ്ടായവയാണെങ്കിലും അവയുടെ നിലനില്പിനും ആധുനികലോകത്തിലെ അവയുടെ വികാസത്തിനും ലിഖിതമായ വാക്കില്ലാതെ നിവൃത്തിയില്ല.

പുസ്തകമാണ് മനുഷ്യൻെറ ഏററവും പ്രബലവും സൗകര്യപ്രദവുമായ സാമൂഹ്യസമ്പർക്കമാധ്യമം. മനുഷ്യമനസ്സ് ആദ്യമായി കാലത്തെയും സ്പേസിനെയും കീഴടക്കിയതു പുസ്തകംകൊണ്ടാണ്. കഴിഞ്ഞ കാൽനൂററാണ്ടിനുള്ളിൽ ബഹുജനസമ്പർക്കമാധ്യമങ്ങളിലൊന്നായി പുസ്തകം വളർന്നതു നാം കണ്ടുകഴിഞ്ഞു. ബഹുജനമാധ്യമങ്ങൾ സാദ്ധ്യമാക്കിത്തീർത്ത സമൂഹത്തിൻെറ പുതിയ ചൈതന്യത്തിനുള്ള സേവനത്തിൽ പുസ്തകത്തിനുള്ള സ്ഥാനവും പങ്കും അംഗീകരിച്ചുകൊടുക്കുന്നതിൽ നാം പരാജയപ്പെടരുതു്.

വായന ഇന്നു ലോകത്തിലെ അതിബൃഹത്തായ ഒരാവശ്യമായിത്തീർന്നിരിക്കയാണ്. ലോകത്തിലെ ജനസംഖ്യയിൽ വിപുലമായ ഒരു വിഭാഗത്തിനു പുസ്തകക്ഷാമം നേരിട്ടിരിക്കുന്നു എന്നു പറയാൻ മാത്രം ബൃഹത്താണ് ഈ ആവശ്യം. പുസ്തകങ്ങളുടെ വിതരണത്തിലും ഉൽപാദനത്തിലും ഉണ്ടായിട്ടുള്ള സാങ്കേതികവിപ്ലവം താരതമ്യേന വില കുറഞ്ഞതും മികച്ചതും ഈടുററതുമായ അസംഖ്യം പുസ്തകങ്ങൾ വിപണിയിലിറക്കാൻ സഹായിച്ചിട്ടുണ്ട്. എന്നിട്ടും വികസ്വരരാഷ്ട്രങ്ങളിൽ വിദ്യാഭ്യാസാവസരങ്ങൾ വളരുന്നതോടുകൂടി പുസ്തകങ്ങളുടെ ദൗർലഭ്യം രൂക്ഷതരമായിരിക്കയാണ്.

വികസ്വരരാഷ്ട്രങ്ങൾ എല്ലാംകൂടി ലോകത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ആകെ പുസ്തകങ്ങളിൽ അഞ്ചിലൊന്നിൽ കൂടുതൽ ഉൽപാദി

പ്പിക്കുന്നില്ല. അതിനാൽ വികസ്വരരാജ്യങ്ങളുടെ ആവശ്യങ്ങൾ ഭാഗികമായെങ്കിലും നിർവ്വഹിച്ചുകിട്ടുന്നതിന് വിദേശത്തുനിന്നുള്ള പുസ്തക ഇറക്കുമതിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു സ്വന്തമായി ദേശീയ പ്രസിദ്ധീകരണവ്യവസായസ്ഥാപനങ്ങൾ ഏർപ്പെടുത്തിയല്ലാതെ ഭാവിയിൽ അവരുടെ പുസ്തകാവശ്യങ്ങൾ മുഴുവനും നിർവ്വഹിക്കാൻ സാധിക്കാതെവരും.

വികസിതരാഷ്ട്രങ്ങളും വികസ്വരരാഷ്ട്രങ്ങളും തമ്മിലുള്ള ഗുരുതരമായ ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേകലക്ഷ്യം വച്ചുകൊണ്ടാണു യുനെസ്കോ പുസ്തകോൽപാദനവർദ്ധനയ്ക്ക് ഒരു ആഗോളപരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഈ പ്രശ്നം വൈപുല്യത്തിന്റേതു മാത്രമല്ല. സാമൂഹ്യപുരോഗതിയുടെയും വ്യക്തിത്വവികസനത്തിന്റെയും അഭ്യുന്നതിക്ക് മനുഷ്യന്റെ പ്രതിഭയും വിജ്ഞാനവും പ്രയോഗിക്കാനുള്ള അനുപമമായ ഉപകരണമാണു പുസ്തകം എന്നുള്ളതാണ് വൈപുല്യത്തേക്കാളേറെ പ്രധാനം. മനുഷ്യമനസ്സിനു ലോകത്തിനു നല്കാനുള്ളതിന്റെ ഏററവും മികച്ചതു് എല്ലാ മനുഷ്യർക്കും അനുഭവിക്കുന്നതിനു പുസ്തകം അവസരമുണ്ടാക്കുന്നു. ജനപദങ്ങളിൽ യഥാർത്ഥവും ശാശ്വതവുമായ സമാധാനം സംജാതമാകുന്നതിന് ഏറ്റവും അത്യാവശ്യമായ ഒരു ധാരണ പുസ്തകം പ്രചരിപ്പിക്കുന്നു.

പ്രസിദ്ധീകരണവ്യവസായം അഭിവൃദ്ധിപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽപോലും പുസ്തകം ഓരോരുത്തരുടെയും ജീവിതത്തിന്റെ അവിഭാജ്യഘടകമായിത്തീരേണ്ടതുണ്ട്. ഇത്തരം രാജ്യങ്ങളിൽ വായനക്കാർക്കു പുസ്തകം ലഭിക്കുന്നില്ല എന്ന പ്രശ്നമില്ല. അത്രയുമല്ല അവിടത്തെ പുസ്തകവിതരണസമ്പ്രദായവും വില്പനശാലകളും അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പുസ്തകത്തിനു് എങ്ങനെ വായനക്കാരനെ കിട്ടും എന്നതാണ് ഇത്തരം മിക്ക രാജ്യങ്ങളും നേരിടുന്ന പ്രശ്നം. രാജ്യത്തിന്റെ തരഭേദമനുസരിച്ച് ഇതിൽ ഏററക്കുറച്ചിലുകളുണ്ടായേക്കാം. എങ്കിലും അടുത്തകാലത്തെ സർവ്വേകളിൽ വായനക്കാരല്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതു പ്രശ്നത്തിന്റെ ഗുരുതരാവസ്ഥ വ്യക്തമാക്കുന്നുണ്ടു്.

അതുകൊണ്ടു പ്രസിദ്ധീകരണവ്യവസായത്തിന്റെ പ്രശ്നങ്ങൾ പൂർണ്ണമായി പുനരവലോകനംചെയ്യുന്നതിനു സമയമായിരിക്കയാണ്. പ്രസിദ്ധീകരണരംഗത്തു വർദ്ധിതമായ സ്വാധീനം ചെലുത്തുന്ന ദൃശ്യശ്രാവ്യസാങ്കേതികവിദ്യകളുടെ സേവനം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. മററു പ്രധാന വാർത്താവിതരണമാദ്ധ്യമങ്ങളിൽനിന്നു പുസ്തകങ്ങളെ ഇനി ഒരിക്കലും ഒഴിച്ചുനിർത്താനാവില്ല എന്ന സ്ഥിതി വന്നിട്ടുള്ളതുകൊണ്ടു് അതിന് സമൂഹത്തിലുള്ള പങ്കു പുനഃപരിശോധിക്കേണ്ടതല്ലേ?

അന്താരാഷ്ട്രപുസ്തകവർഷത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിചിന്തിക്കാനാണു യുനെസ്കോ ലോകസമുദായത്തെ ക്ഷണിച്ചിട്ടുള്ളതു്. പ്രാദേശികവും ദേശീയവും അന്തർദ്ദേശീയവുമായ സ്ഥാപനങ്ങളുടെയും

പൊതുഅധികൃതരുടെയും സ്വകാര്യവ്യക്തികളുടെയും സഹായത്തോടെ പരിഹാരനിർദ്ദേശങ്ങാം സ്വരൂപിക്കേണ്ടിയിരിക്കുന്നു.

സർവ്വോപരി അന്താരാഷ്ട്രപുസ്തകവർഷം ഓരോ രാജ്യത്തിലെയും വിഭവസാദ്ധ്യതകളെയും കഴിവുകളെയും സമന്വയിപ്പിച്ച വ്യക്തമായ കാൽവയ്പുകാംക്ക പ്രചോദനംനല്കുന്ന ഒരു തീവ്രയത്നപരിപാടിക്ക രൂപം നല്കണമെങ്കിൽ അതു് അന്താരാഷ്ട്രസഹകരണത്തോടുകൂടിയ വിപുലമായ ഒരു പ്രസ്ഥാനമായിരിക്കണം. അതിനാൽ വികസിത രാജ്യങ്ങളിലെ അതിബൃഹത്തായ ആവശ്യങ്ങാം ലക്ഷ്യം വച്ചുകൊണ്ടു ഗവണ്മെൻറുകളും ഭരണഘടകങ്ങളും ഈ രാജ്യങ്ങളിൽ ദേശീയമായ പുസ്തകോൽപാദനവും വിതരണവും അഭിവൃദ്ധിപ്പെടുത്തുന്നതിനു വേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായത്തിനുള്ള പരിപാടികാം ആവിഷ്കരിക്കണം.

പുസ്തകലോകത്തിലെ പ്രൊഫഷനൽ ഘടകങ്ങളായ സംഘടനകാംക്കു് അന്താരാഷ്ട്രപുസ്തകവർഷത്തിൽ സ്വാഭാവികമായും അതിവിപുലമായ പങ്കു നിർവ്വഹിക്കാനുണ്ടു്. ഗ്രന്ഥകർത്താക്കളും പ്രസാധകരും ലൈബ്രേറിയന്മാരും പുസ്തകവില്പനക്കാരും അക്കൂട്ടത്തിൽ ഉാംപ്പെടും. അന്താരാഷ്ട്രപുസ്തകവർഷാചരണവുമായി ഏററവും അടുത്തു ബന്ധപ്പെടേണ്ടവർ അവരാണു്. പൊതുവായ 'പുസ്തകചാർട്ടർ' അംഗീകരിച്ചുകൊണ്ടു് അവർ തങ്ങളുടെ സഹകരണമനോഭാവം പ്രകടമാക്കിയിട്ടുണ്ടു്.

അന്താരാഷ്ട്രപുസ്തകവർഷം എല്ലാത്തിനുമുപരി സാധാരണക്കാരായ ജനകോടികളുടെ കാര്യമാണു്. വായന അനുദിനജീവിതത്തിന്റെ ഭാഗമാക്കിയിട്ടുള്ളതു് അവരാണു്. അവക്കു വ്യക്തിത്വം ഉദ്ബുദ്ധമാക്കുന്നതിനുള്ളതും ആശ്വാസവും മാനസികസുഖവും കൈവരുത്തുന്നതിനുള്ളതുമായ മാധ്യമമാണു പുസ്തകം. അവരുടെ ജീവിതാന്തസ്സിനും സന്തുഷ്ടിക്കും പുസ്തകം അപരിത്യാജ്യമാണെന്നു ചുരുക്കം.

അതുകൊണ്ടു് 'എല്ലാവക്കും പുസ്തകങ്ങാം' എന്നതു് എല്ലാവരെയും സംബന്ധിച്ചു് ഒരു യാഥാർത്ഥ്യമാക്കാൻ നമുക്കെല്ലാവക്കും ഒന്നിച്ചു പ്രവർത്തിക്കാം.

ഹോർത്തൂസ് മലബാറിക്കൂസ്

കേരളത്തിലെ സസ്യങ്ങളെപ്പററി ലത്തീനിലുള്ള ഒരു ബൃഹദ്ഗ്രന്ഥം. 12 വാല്യങ്ങാം. 1678 മുതൽ 1703 വരെയുള്ള കാലത്തു് ആംസ്റ്റർഡാമിൽ പ്രസിദ്ധപ്പെടുത്തി. 8000 സസ്യങ്ങളുടെ ചിത്രങ്ങാം ഇപ്പുസ്തകത്തിലുണ്ടു്. ഓരോ ചിത്രത്തിൻെറ അടിയിൽ മററു മൂന്നു ഭാഷകളോടൊപ്പം മലയാളത്തിലും പേരുകാം ചേർത്തിരിക്കുന്നു. മലയാളം ആദ്യമായി അച്ചടിച്ചതു് ഈ പുസ്തകത്തിലാണു്.

കേരളത്തിലെ പുസ്തകപ്രസിദ്ധീകരണം

ഡി. സി. കിഴക്കേമുറി

പുസ്തകപ്രസിദ്ധീകരണത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ എട്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്. ഏഷ്യയിൽ രണ്ടാം സ്ഥാനവും. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇക്കാര്യത്തിൽ കേരളത്തിനു് എട്ടാം സ്ഥാനമേയുള്ളു. എന്നാൽ പ്രസിദ്ധീകരണത്തിന്റെ ആകർഷകത്വത്തിലും ഗ്രന്ഥകാരന്മാർക്കു റോയൽറ്റി നല്കുന്നതിലും മററും കേരളത്തിനു് ഇന്ത്യയിലെന്നുതന്നെയല്ല ലോകരാജ്യങ്ങൾക്കിടയിൽത്തന്നെ പ്രമുഖസ്ഥാനമുണ്ടു്.

മലയാളത്തിൽ പുസ്തകപ്രസിദ്ധീകരണത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചതു വിദേശമിഷനറിമാരാണു്. പതിനാറാം നൂററാണ്ടിൽ കേരളത്തിൽ പ്രചാരത്തിലിരുന്ന പുസ്തകങ്ങൾ തമിഴ്ഭാഷയിൽ അച്ചടിച്ചതാണെന്നു തെളിഞ്ഞിട്ടുണ്ടു്. മലയാളലിപികൾ ഒന്നാമതായി അച്ചടിച്ചു പുറത്തു വന്നതു് ഹോളണ്ടിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമിൽവച്ചാണു്. അവിടെ 1678–ൽ അച്ചടിച്ച 'ഹോർത്തുസ് മലബാറിക്കസ്'' എന്ന ഗ്രന്ഥത്തിലാണു് മലയാളലിപി ആദ്യം പ്രത്യക്ഷപ്പെട്ടതു്. പന്ത്രണ്ടു വാല്യങ്ങളുള്ള 'ഹോർത്തുസ് മലബാറിക്കസി'(കേരളാരാമം)ന്റെ ഒന്നാം വാല്യം 1678–ലും പന്ത്രണ്ടാം വാല്യം 1703–ലും പ്രസിദ്ധപ്പെടുത്തി.

ബൃഹത്തായ ഈ ഗ്രന്ഥത്തിൽ സസ്യങ്ങളുടെ പേരുകൾ മലയാളം, ലത്തീൻ, അറബി, സംസ്കൃതം എന്നീ ഭാഷകളിൽ ചേർത്തിട്ടുണ്ടു്. സസ്യങ്ങളുടെ ചിത്രങ്ങളും നാലു ഭാഷകളിൽ അവയുടെ പേരും എഴുതി ബ്ലോക്കെടുപ്പിച്ചാണു് അച്ചടിച്ചിട്ടുള്ളതു്. മലയാളത്തിലെ ഒന്നാമത്തെ പുസ്തകം 'സംക്ഷേപവേദാർത്ഥ'മാണു്. റോമിലെ സർവ്വഭാഷാമുദ്രാലയത്തിൽ 1772–ൽ ഇതു് അച്ചടിച്ചു. കേരളത്തിൽ വന്ന ഇററാലിയൻ മിഷനറി ഫാദർ ക്ലമൻറ് റോമിൽ ചെന്നു മലയാളലിപികൾ കൊത്തിയുണ്ടാക്കിയാണു് ഈ പുസ്തകം അച്ചടിപ്പിച്ചതു്.

അങ്ങനെ 'കേരളാരാമ'ത്തിന്റെയും 'സംക്ഷേപവേദാർത്ഥ'ത്തിന്റെയും അച്ചടി വിദേശത്തുവച്ചു നടന്നു. ഇന്ത്യയിൽ 1811–ൽ ബോംബെയിലാണു മലയാളമച്ചടി ആദ്യമായി നടന്നതു്. അച്ചടിശാലയുടെ പേരു് 'കൂറിയർ പ്രസ്സ്'' എന്നായിരുന്നു. സുവിശേഷങ്ങളായിരുന്നു ഈ പുസ്തകത്തിലെ ഉള്ളടക്കം.

കേരളത്തിലെ ഒന്നാമത്തെ മുദ്രണാലയം സി. എം. എസ്. മിഷനറിമാർ കേണൽ മൺറോയുടെ സഹായത്താൽ കോട്ടയത്താരംഭിച്ച സി. എം. എസ്. പ്രസ്സാണു്. നിഘണ്ടുകർത്താവായ ബയിലിസായ്പാണു് അതിനു മുൻകൈയെടുത്തതു്. ഇംഗ്ലീഷ് ടൈപ്പുകൾ ഇംഗ്ലണ്ടിൽനിന്നു വരുത്തി 1821–ലാണു് സായ്പു് പ്രസ്സ് സ്ഥാപിച്ചതു്. ആശാരിയുടെയും തട്ടാന്റെയും സഹായത്തോടെ മലയാളം അക്ഷര

ങ്ങൾ അദ്ദേഹം കൊത്തിയുണ്ടാക്കി. ഈ അച്ചുകൾ ഉപയോഗിച്ച് 1829–ൽ ആദ്യമായി ബൈബിൾ അച്ചടിച്ചു.

സ്വാതിതിരുനാൾ മഹാരാജാവ് 1834–ൽ തിരുവനന്തപുരത്തു ഗവണ്മെൻറ് പ്രസ്സ് സ്ഥാപിച്ചു. ബയിലിസായ്പാണ് അതിനു വേണ്ട അച്ചുകൾ ഉണ്ടാക്കിക്കൊടുത്തതു്.

കർമ്മലീത്ത മിഷനറിമാരുടെ നേതൃത്വത്തിലുള്ള മാന്നാനത്തെ സെൻറ് ജോസഫ്സ് പ്രസ്സ് 1844–ൽ സ്ഥാപിതമായി. 1847–ൽ തലശ്ശേരിക്കടുത്ത ഇല്ലിക്കുന്നിൽ ഡോ. ഗുണ്ടർട്ട് 'രാജ്യസമാചാരം', 'പശ്ചിമോദയം' എന്നീ ഒന്നാമത്തെയും രണ്ടാമത്തെയും പ്രസിദ്ധീകരണങ്ങൾ ആരംഭിച്ചു. 'ജ്ഞാനനിക്ഷേപം' എന്ന മൂന്നാമത്തെ പ്രസിദ്ധീകരണം 1848–ലാണു കോട്ടയത്തുനിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയതു്.

പ്രസ്സുകളുടെ ആരംഭത്തോടെ പുസ്തകപ്രസിദ്ധീകരണവും കേരളത്തിൽ അഭിവൃദ്ധിനേടി. ഉത്രംതിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവിൻെറ പ്രേരണയോടുകൂടി ഈശ്വരപിള്ളവിചാരിപ്പുകാർ തിരുവനന്തപുരത്തു് 1851–ൽ 'കേരളവിലാസം' അച്ചുകൂടം ആരംഭിച്ചു. എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ, സ്വാതിതിരുനാൾ, ഇരയിമ്മൻതമ്പി മുതലായവരുടെ കൃതികൾ ഇവിടെ അച്ചടിച്ചു. 'കേരളവിലാസ'മാണ് കേരളത്തിലെ ഒന്നാമത്തെ പ്രസിദ്ധീകരണശാല.

രണ്ടാമത്തെ പ്രസിദ്ധീകരണശാല 1859–ൽ കോഴിക്കോട്ട് ആരംഭിച്ച 'വിദ്യാവിലാസ'മാണ്. കോഴിക്കോട്ടെ മുൻസിഫ് കാളഹസ്തിയപ്പമുതലിയാരായിരുന്നു അതിൻെറ സ്ഥാപകൻ. എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ഉണ്ണായിവാരിയർ തുടങ്ങിയവരുടെ കൃതികളാണ് ഇവിടെയും അച്ചടിച്ചിരുന്നതു്. 1863–ൽ ബ്രിട്ടീഷ്കൊച്ചിയിൽ സെൻറ് തോമസ് പ്രസ്സ് സ്ഥാപിതമായി. ബ്രിട്ടീഷ് കൊച്ചിയിലെ 'കേരളമിത്രം', കുന്നംകുളത്തുള്ള 'വിദ്യാരത്നപ്രഭ' എന്നീ പ്രസിദ്ധീകരണാലയങ്ങൾ വളരെ പ്രശസ്തങ്ങളായിരുന്നു.

അച്ചടിയിൽ പുതിയ സമ്പ്രദായങ്ങൾ ആരംഭിച്ചതു് എസ്. ടി. റെഡ്യാരും മാളിയമ്മാവു കുഞ്ഞുവറീതുമാണ്. കുഞ്ഞുവറീതു് 1885–ൽ തൃശ്ശൂരിൽ ആരംഭിച്ച 'കേരളകല്പദ്രുമം' പ്രസ്സ് കേരളത്തിലെ പുസ്തകപ്രസിദ്ധീകരണം ഒരു വ്യവസായമാക്കി ഉയർത്തി. പിന്നീട് യോഗക്ഷേമം കമ്പനിക്കാർ ഈ പ്രസ്സ് വാങ്ങുകയും അതു് 'മംഗളോദയം' മുദ്രണാലയമായി രൂപാന്തരപ്പെടുകയും ചെയ്തു.

കൊല്ലത്തു് 1885–ൽത്തന്നെ എസ്. ടി. റെഡ്യാർ ആരംഭിച്ച 'വിദ്യാഭിവർദ്ധിനി'പ്രസ്സും പുസ്തകപ്രസിദ്ധീകരണത്തെ ജനകീയമായ വ്യവസായമാക്കി മാറ്റി. എളിയ നിലയിൽനിന്നും ഉയർന്നുവന്ന റെഡ്യാരും കുഞ്ഞുവറീതും കേരളത്തിലെ പുസ്തകപ്രസിദ്ധീകരണത്തിൽ ചരിത്രം സൃഷ്ടിച്ചു. കുഞ്ഞുവറീതുതന്നെ 1903–ൽ സ്ഥാപിച്ചതാണ് 'ഭാരതവിലാസം' മുദ്രണാലയം.

കണ്ടത്തിൽ വറുഗീസുമാപ്പിള 1888–ൽ സ്ഥാപിച്ച മനോരമ പ്രസ്സ് പത്രപ്രസിദ്ധീകരണത്തിലെന്നപോലെ പുസ്തകപ്രസിദ്ധീകരണത്തിലും വിപ്ലവം സൃഷ്ടിച്ചു. ലിപിപരിഷ്കരണം, പുസ്തകങ്ങളുടെ തെരഞ്ഞെടുപ്പ്, പ്രസാധനത്തിന്റെ ഭംഗി മുതലായ കാര്യങ്ങളിൽ വറുഗീസുമാപ്പിളയുടെ യത്നം ഒരു വഴിത്തിരിവുതന്നെയാണ്. തുടർന്ന് വിദ്യാവിനോദിനി, മംഗളോദയം, ബി. വി. ബുക്ക് ഡിപ്പോ, ശ്രീരാമവിലാസം, വിദ്യാവിലാസം മുതലായ മുദ്രണാലയങ്ങൾ കേരളപുസ്തകപ്രസിദ്ധീകരണത്തിന്റെ യശസ്സ് ഉയർത്തി.

സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ആവിർഭാവം പ്രസിദ്ധീകരണരംഗത്തു പല പരിഷ്കാരങ്ങളും വരുത്തി. 1945–ൽ ആരംഭിച്ച ഈ സ്ഥാപനം പ്രസാധനത്തിൽ ഏഷ്യയിൽത്തന്നെ ഒന്നാംസ്ഥാനത്തെത്തിയിരിക്കയാണ്. ഉള്ളടക്കം, കടലാസ്, അച്ചടി, പുറംചട്ട മുതലായ ഓരോ ഇനത്തിലും മലയാളപുസ്തകപ്രസിദ്ധീകരണത്തെ ഇതു് അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തിയിരിക്കുന്നു. നിഘണ്ടു, വിശ്വവിജ്ഞാനകോശം തുടങ്ങിയ ബൃഹദ് ഗ്രന്ഥപ്രസിദ്ധീകരണം സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ഏററവും മികച്ച നേട്ടമാണെന്നു പറയാം. ഒരു ദിവസം ഒരു പുസ്തകം എന്ന തോതിൽ ഇന്ത്യയിലെന്നല്ല, ലോകത്തിൽത്തന്നെ പ്രമുഖമായ സ്ഥാനം ഈ സഹകരണസ്ഥാപനം നേടിക്കഴിഞ്ഞു. മാതൃഭൂമി, മംഗളോദയം, കറൻറ് ബുക്സ്, നരസിംഹവിലാസം, പി. കെ. ബ്രദേഴ്സ്, വിദ്യാർത്ഥിമിത്രം മുതലായ നിരവധി പ്രസിദ്ധീകരണശാലകൾ അച്ചടിരംഗത്തു സ്തുത്യർഹമായ സേവനം ചെയ്തുവരുന്നു.

കേരളത്തിൽ 1970–71–ൽ 1063 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. 1772 മുതൽ 1972 വരെ ഇരുപത്തെണ്ണായിരത്തിൽപരം മലയാളപുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണു കണക്കുകൾ വ്യക്തമാക്കുന്നതു്. ഈ ഇരുപത്തെണ്ണായിരം പുസ്തകങ്ങളെയും സംബന്ധിച്ച വിവരം സാഹിത്യ അക്കാദമി ശേഖരിച്ചിട്ടുണ്ട്.

സംക്ഷേപവേദാർത്ഥം

ആദ്യമായി അച്ചടിച്ച മലയാളപുസ്തകം. 1772–ൽ റോമിൽ അച്ചടിച്ചു. 276 പേജ്. ഫാദർ ക്ലമൻറ് എന്ന യൂറോപ്യൻ മിഷനറിയാണ് ഗ്രന്ഥകാരൻ. അദ്ദേഹംതന്നെയാണ് ആദ്യമായി മലയാളം അച്ചുകൾ നിർമ്മിച്ചതും. ക്രിസ്തുമതത്തിന്റെ അടിസ്ഥാനതത്വങ്ങളാണ് ഉള്ളടക്കം.

മലയാളത്തിലെ ഒന്നാമത്തെ പുസ്തകമായ സംക്ഷേപവേദാർത്ഥത്തിന്റെ 200–ാംവാർഷികമാണ് 1972.

ലോകപുസ്തകമേള ഡൽഹിയിൽ

എം. കെ. മാധവൻനായർ

കഴിഞ്ഞ മാർച്ച് 18-ാംതീയതി ഡൽഹിയിൽ രാഷ്ട്രപതി വി. വി. ഗിരി ഉദ്ഘാടനംചെയ്ത ലോകപുസ്തകമേള ഇന്ത്യയിൽ ഇദം പ്രഥമമായും, ഏഷ്യയിൽ രണ്ടാമതായും സംഘടിപ്പിച്ചതായിരുന്നു. നാഷനൽ ബുക്ക്ട്രസ്റ്റ് ഇന്ത്യയിലെ പ്രസാധകരുടേയും പുസ്തകവ്യാപാരികളുടേയും ഫെഡറേഷന്റെ സഹായത്തോടെ സംഘടിപ്പിച്ച ഈ മേളയിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നായി അഞ്ഞൂറോളം പ്രസാധകരാണു് പങ്കെടുത്തതു്. വിദേശങ്ങളിൽനിന്നു പങ്കെടുത്തവരിൽ അമേരിക്ക, റഷ്യ, രണ്ടു ജർമ്മനികളും, സാമ്പിയ, ഫ്രാൻസ്, ചെക്കോസ്ലോവാക്യ, ഹങ്കറി, ഇറാൻ, സ്വിറ്റ്സർലന്റ്, തുടങ്ങിയ രാഷ്ട്രങ്ങൾ പെടുന്നു. ജനലക്ഷങ്ങൾക്കുവേണ്ടി പുസ്തകങ്ങൾ എന്നതായിരുന്നു മേളയുടെ മുദ്രാവാക്യം. മേള നടന്ന രണ്ടാഴ്ച്ചക്കം രണ്ടുലക്ഷത്തോളം ജനങ്ങളെങ്കിലും മേള സന്ദർശിക്കയുണ്ടായി. പുസ്തകപ്രേമികളേയും സഹൃദയരേയും സംബന്ധിച്ചിടത്തോളം അഭൂതപൂർവ്വവും, ഹൃദയഹാരിയുമായ ഒരനുഭവംതന്നെയായിരുന്നു ഈ മേള. കമനീയമായി അലങ്കരിച്ചിരുന്ന സ്റ്റാളുകളും, പവിലിയനുകളും അവയിൽ കലാപരമായി സംവിധാനംചെയ്തിരുന്ന വൈവിധ്യം കലർന്ന കൃതികളും, സന്ദർശകർക്കു് തികഞ്ഞ പുതുമയാണു കാഴ്ചവെച്ചതു്.

സ്വാതന്ത്ര്യംനേടിയശേഷം ഇന്ത്യയിൽ പ്രാദേശികഭാഷകളിലും, ഇംഗ്ലീഷിലും പ്രസിദ്ധപ്പെടുത്തിയ പ്രധാനപ്പെട്ട പുസ്തകങ്ങളാണു് മേളയിലെ മുഖ്യ പവിലിയനിൽ പ്രദർശിപ്പിച്ചിരുന്നതു്. ഭാരതീയഭാഷകളിൽ ഇതുവരെ ദേശീയ അവാർഡു ലഭിച്ചവരുടെ ചിത്രങ്ങളും അവിടെ പ്രദർശിപ്പിച്ചിരുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളെയും പ്രതിനിധീകരിച്ചു് പ്രത്യേകം പ്രത്യേകം പവിലിയനുകൾ മേളയിലുണ്ടായിരുന്നു. പ്രസിദ്ധീകരണരംഗത്തു് ഓരോ സംസ്ഥാനവും കൈവരിച്ചിട്ടുള്ള പുരോഗതിയും, അവരുടെ സംസ്കാരവും പ്രതിഫലിപ്പിക്കുന്നവിധത്തിലായിരുന്നു ഓരോ പവിലിയന്റെയും രൂപവും ഭാവവും. തമിഴ്നാട്, ആന്ധ്ര, ഒറീസ്സ, ഉത്തർപ്രദേശ്, ബംഗാൾ ഈ സംസ്ഥാനപവിലിയനുകൾ പ്രത്യേകപ്രശംസയർഹിക്കുന്നു. ലോകത്തെ ഏററവും വലിപ്പമുള്ള പുസ്തകം എന്നവകാശപ്പെട്ടുകൊണ്ടു് ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്കിന്റെ സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്ന ഒരു പുസ്തകം ജനലക്ഷങ്ങളുടെ ശ്രദ്ധ പ്രത്യേകം ആകർഷിച്ചു. 16-ാംനൂററാണ്ടിൽ പ്രസിദ്ധീകരിച്ച 'അററ്ലസ് ഓഫ് ദി ഗ്രേററ് ഇലക്ററർ' ആയിരുന്നു അതു്. അച്ചടിയിലും കെട്ടിലും മട്ടിലും ഏററവും മികച്ചതെന്നു പറയാവുന്ന വിദേശകൃതികളും മേളയിൽ ഉണ്ടായിരുന്നു. നാഷനൽ ബുക്ക്ട്രസ്റ്റ്, ഭാരതീയജ്ഞാനപീഠം, പബ്ലിക്കേ

ഷൻസ് ഡിവിഷൻ, സർവ്വകലാശാലാ ധനസഹായക്കമ്മീഷൻ തുടങ്ങിയവരുടെ പവിലിയനുകളും അന്തസ്സുകൊണ്ടും ഗാംഭീര്യംകൊണ്ടും നമ്മുടെ ശ്രദ്ധ പ്രത്യേകം ആകർഷിക്കാൻ പര്യാപ്തമായിരുന്നു.

മേളയോടനുബന്ധിച്ച് 'ജനലക്ഷങ്ങൾക്കുവേണ്ടി പുസ്തകങ്ങൾ' എന്ന വിഷയത്തെ മുൻനിർത്തി സെമിനാറുകളും, എഴുത്തുകാരുടെ ക്യാമ്പുകളും നടത്തുകയുണ്ടായി. ഇവയിൽ ഇന്ത്യയിലെ പ്രമുഖ വ്യക്തികളും, പ്രസാധകപ്രതിനിധികളും സാഹിത്യകാരന്മാരും പങ്കെടുത്തിരുന്നു. ഓരോ ദിവസവും ഭാരതീയഭാഷകളിലെ എഴുത്തുകാരെ പരിചയപ്പെടുത്തുന്ന പരിപാടിയുമുണ്ടായിരുന്നു. സെമിനാറിൽ വിദേശത്തുനിന്നുള്ള പ്രതിനിധികളും പങ്കെടുത്തു. മേള ഉദ്ഘാടനംചെയ്തുകൊണ്ട് രാഷ്ട്രപതി പ്രസ്താവിച്ചപോലെ സാർവ്വലൗകികമായ ഒരു ധാരണ വളർത്തിയെടുക്കുന്നതിനു ഈ പുസ്തകമേളയും അതിനോടനുബന്ധിച്ചു നടത്തിയ സെമിനാറുകളും പ്രയോജനപ്പെട്ടു എന്നതു ശരിയാണ്.

കോട്ടയം: പുസ്തകങ്ങളുടെ നാട്

പുസ്തകങ്ങളുടെയും പത്രങ്ങളുടെയും നാടാണു കോട്ടയം. കഴിഞ്ഞ നൂററമ്പതു വർഷമായി ആ ബഹുമതി കോട്ടയം നിലനിർത്തിപ്പോരുന്നുണ്ട്. അടുത്തകാലത്തൊന്നും ആ ബഹുമതി കേരളത്തിലെ വേറെ ഒരു പട്ടണത്തിനും ലഭിക്കാൻ സാദ്ധ്യതയില്ല.

മലയാളസാഹിത്യകാരന്മാരുടെ തലസ്ഥാനമാണല്ലോ കോട്ടയം. ഒരുദിവസം ഒരു പുസ്തകം എന്ന തോതിൽ പ്രസാധനം നിർവ്വഹിക്കുന്ന സാഹിത്യപ്രവർത്തക സഹകരണസംഘത്തിൻെറ ആസ്ഥാനം ഈ പട്ടണമാണ്. പ്രതിദിനം നാലുലക്ഷം ദിനപത്രങ്ങളും പ്രതിവാരം നാലുലക്ഷം ആഴ്ചപ്പതിപ്പുകളും ഇവിടെനിന്നു പുറത്തേക്കു പോകുന്നു. ദിവസംതോറും മൂവായിരം എന്ന തോതിൽ ഇവിടെനിന്നു പുസ്തകങ്ങൾ പുറപ്പെടുന്നുണ്ട്. മലയാളത്തിൽ പുറത്തു വരുന്ന പുസ്തകങ്ങളിൽ അറുപതുശതമാനവും കോട്ടയത്തുനിന്നാണ്.

143 വർഷം മുമ്പ് മലയാളത്തിലെ ആദ്യത്തെ പുസ്തകം കോട്ടയത്തു് അച്ചടിച്ചു. ഒന്നരനൂറ്റാണ്ടുമുമ്പ് കേരളത്തിലെ ഒന്നാമത്തെ പ്രസ്സ് സ്ഥാപിച്ചു. ഒന്നാമത്തെ പ്രസ്സായ സി. എം. എസ്. പ്രസ്സും മൂന്നാമത്തെപ്രസ്സായ മാന്നാനം സെൻറ് ജോസഫ് പ്രസ്സും കോട്ടയത്താണ്. നൂററിഇരുപത്തഞ്ചുവർഷം മുമ്പ് മലയാളത്തിലെ മൂന്നാമത്തെ പത്രം കോട്ടയത്തുനിന്നു പുറപ്പെട്ടു.

പുസ്തകമേള കേരളത്തിൽ

ജോൺ പെല്ലിശ്ശേരി

സാമൂഹ്യജീവിതത്തിൽ പുസ്തകത്തിനുള്ള അതുല്യമായ സ്വാധീനം കണക്കിലെടുത്തുകൊണ്ടാണ് 1970 നവംബർ 9–ന പാരീസിൽ ചേന്ന യുനെസ്കോയുടെ പതിനാറാമത്തു ജനറൽ കോൺഫറൻസ് 1972 അന്താരാഷ്ട്രപുസ്തകവഷ്മായി പ്രഖ്യാപനംചെയ്തതു്.

പുസ്തകവായനയിലൂ ജനങ്ങളെ ബോധവാന്മാരാക്കുകയെന്നതാണ യുനെസ്കോയുടെ ലക്ഷ്യം.

ലോകത്തിൽ ഓരോ വഷ്വും 50 ലക്ഷം പുസ്തകംവീതം പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ഇതു ലോകജനസംഖ്യയിൽ 10 ലക്ഷത്തിന 130 പുസ്തകം എന്ന തോതിലാണെന്നു കണക്കാക്കിയിരിക്കുന്നു. എന്നാൽ എല്ലാ രാജ്യങ്ങളിലും പുസ്തകോല്പാദനം ഈ നിരക്കിൽ നടക്കുന്നില്ല. ഇരുപതിനായിരത്തിൽപരം പുസ്തകങ്ങൾവീതം പ്രസിദ്ധപ്പെടുത്തുന്ന ഏഴ് രാജ്യങ്ങളാണുള്ളതു്. അതിൽ ഒന്നു് ഇന്ത്യയാണ്. വികസ്വരരാഷ്ട്രങ്ങൾ എല്ലാംകൂടി ലോകത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ആകെ പുസ്തകങ്ങളിൽ അഞ്ചിലൊന്നേ ഉല്പാദിപ്പിക്കുന്നുള്ളു. അതുകൊണ്ടു വികസ്വരരാജ്യങ്ങളുടെ ആവശ്യങ്ങൾ ഭാഗികമായെങ്കിലും നിവ്വഹിക്കാൻ വിദേശത്തുനിന്നുള്ള പുസ്തക ഇറക്കുമതിയെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ദേശീയമായ പുസ്തകപ്രസിദ്ധീകരണ സ്ഥാപനങ്ങൾ പടുത്തുയത്തണമെന്നു് ഓരോ രാജ്യത്തോടും യുനെസ്കോ അഭ്യത്ഥിച്ചിട്ടുണ്ട്.

വികസിതരാഷ്ട്രങ്ങളും വികസ്വരരാഷ്ട്രങ്ങളും തമ്മിലുള്ള ഗുരുതരമായ ഈ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന യുനെസ്കോ അന്താരാഷ്ട്രപുസ്തകവഷ്ത്തിൽ ഒരു ആഗോളപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

പുസ്തകപ്രസിദ്ധീകരണം സംബന്ധിച്ച സമസ്തപ്രശ്നങ്ങളും സമ്പൂണ്ണമായി പുനരവലോകനംചെയ്യാൻ സമയമായിരിക്കുന്നെന്നു യുനെസ്കോയുടെ നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്രസംഘടനകളുടെ സംയുക്തയോഗത്തിനു ബോദ്ധ്യപ്പെട്ടു. പ്രസിദ്ധീകരണരംഗത്തു ദൃശ്യശ്രാവ്യസാങ്കേതികവിദ്യകൾ പൂവ്വാധികം ഉപയോഗപ്പെടുത്തുക, ഇതര വാത്താവിനിമയമാധ്യമങ്ങളിൽനിന്നു പുസ്തകങ്ങളെ ഒരിക്കലും ഒഴിച്ചുനിത്താതിരിക്കുക തുടങ്ങിയ പ്രമേയങ്ങൾ അന്താരാഷ്ട്രസംഘടനകൾ അംഗീകരിച്ചു.

അന്താരാഷ്ട്രപുസ്തകവഷ്ത്തിൽ പ്രസാധനം, വിതരണം, രചന, വില്പന, നിലവാരം, സ്റ്റൈൽ, അച്ചടി മുതലായി പുസ്തകപ്രസിദ്ധീകരണത്തോടു ബന്ധപ്പെട്ട സകല പ്രശ്നങ്ങളും പുനഃപരിശോധിക്കാൻ യുനെസ്കോകോൺഫറൻസ് ആഹ്വാനംചെയ്തിട്ടുണ്ട്.

യുനെസ്കോയുടെ കാലോചിതമായ ഈ അഭ്യർത്ഥന ശ്രവിച്ചു ലോകത്തിലെ മിക്ക ഗവണ്മെൻറുകളും, വിവിധഭരണഘടകങ്ങളും സഹായധനവും സഹകരണവുമായി മുന്നോട്ടു വന്നിട്ടുണ്ട്. പുസ്തക ലോകത്തിലെ പ്രൊഫഷനൽ ഘടകങ്ങളായ സംഘടനകളും സ്ഥാപനങ്ങളുമാണ് ഓരോ രാജ്യത്തിലെയും പുസ്തകവർഷാചരണത്തിനു നേതൃത്വം നല്കുന്നത്. ഗ്രന്ഥകർത്താക്കളും പ്രസാധകരും ലൈബ്രേറിയന്മാരും പുസ്തകവില്പനക്കാരും വായനാശീലരും ഒരുമിച്ചു നടത്തുന്ന ഒരു അന്താരാഷ്ട്ര തീവ്രയത്നപരിപാടിയാണിത്.

ഇന്ത്യയിൽ ഇതിനുള്ള നടപടികൾ 1972 ജനുവരിയിൽത്തന്നെ ആരംഭിച്ചു. ഇന്ത്യാ—പാക്ക് യുദ്ധംമൂലം ലോകപുസ്തകമേള മാർച്ചു മാസത്തിലേക്കു നീട്ടിവയ്ക്കേണ്ടിവന്നു. ഡൽഹിയിൽ മാർച്ച് 18 മുതൽ ഏപ്രിൽ 2 വരെ നടന്ന അന്താരാഷ്ട്രപുസ്തകമേളയിൽ എല്ലാ സംസ്ഥാനങ്ങളിലെയും സ്ഥാപനങ്ങളും സംഘടനകളും ഗവണ്മെൻറുകളും പങ്കെടുത്തു. അമ്പതു രാജ്യങ്ങളിൽനിന്നുള്ള അഞ്ഞൂറു പുസ്തകപ്രസാധനകമ്പനികൾ അതിൽ സഹകരിച്ചു. നാഷനൽ ബുക്ക് ട്രസ്റ്റ്, ഫെഡറേഷൻ ഓഫ് പബ്ലിഷേഴ്സ് ആൻഡ് ബുക്ക് സെല്ലേഴ്സ് അസോസിയേഷൻസ്, കേന്ദ്രവിദ്യാഭ്യാസവകുപ്പ് എന്നിവയുടെ ആഭിമുഖ്യത്തിലാണ് തലസ്ഥാനനഗരത്തിൽ അതിവിപുലമായ ഈ ലോകപുസ്തകമേള നടന്നത്.

ഇന്ത്യൻഭാഷകളിലെ പതിനായിരത്തിലേറെ പുസ്തകങ്ങൾ നാഷനൽ ബുക്ക്ട്രസ്റ്റ് തെരഞ്ഞെടുത്ത് ഡൽഹിയിൽ പ്രദർശിപ്പിച്ചിരുന്നു.

പുസ്തകനിർമ്മാണത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ എട്ടാമത്തെ സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. ഏഷ്യയിൽ രണ്ടാംസ്ഥാനവും. ഒന്നാം സ്ഥാനം ജപ്പാനാണ്. ഇന്ത്യയിലെ ദേശീയഭാഷകളിൽ ഒന്നുംതന്നെ ഇന്ത്യയിലാകെ പ്രചാരവും മതിപ്പും നേടിയിട്ടില്ല. എഴുപതു ശതമാനത്തിലേറെയാണ് നിരക്ഷരരുള്ളത്. സാക്ഷരതാപ്രചാരണം ഓരോ സംസ്ഥാനത്തും ആരംഭിക്കേണ്ടതുണ്ട്.

ഇന്ത്യ 1970— '71-ൽ ഒരുകോടി രൂപയുടെ പുസ്തകങ്ങൾ കയറ്റുമതിചെയ്തു. ആ വർഷം പ്രസിദ്ധപ്പെടുത്തിയ 18,305 പുസ്തകങ്ങളിൽ 6,210 എണ്ണം ഇംഗ്ലീഷിലുള്ളവയായിരുന്നു. പ്രതിവർഷം ഏഴായിരം സാക്ഷരർക്ക് ഒരു പുസ്തകം എന്ന തോതിലേ ഇന്ത്യയിൽ പുസ്തകോല്പാദനം നടക്കുന്നുള്ളു. ഏറാവും അധികം പുസ്തകങ്ങൾ പുറപ്പെടുന്നത് ഡൽഹിയിൽനിന്നാണ്. രണ്ടാം സ്ഥാനം മഹാരാഷ്ട്രയ്ക്കും മൂന്നാം സ്ഥാനം പശ്ചിമബംഗാളിനുമാണ്. എട്ടാം സ്ഥാനമേ കേരളത്തിനുള്ളു.

ഇന്ത്യയിലെ പ്രസിദ്ധീകരണവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെന്റ് 1967-ൽ നാഷനൽ ബുക്ക് ഡവലപ്പ്മെന്റ് ബോർഡ് രൂപവല്ക്കരിച്ചു. പ്രസാധകർ, ഗ്രന്ഥകർത്താക്കൾ, പ്രിൻറർമാർ, പുസ്തകവ്യാപാരികൾ എന്നിവരുൾപ്പെട്ടതാണ് ഈ ബോഡ്.

ഇതിന്റെ കീഴിൽ പ്രസാധകരെയും വ്യാപാരികളെയും പരിശീലിപ്പിക്കാൻ ഒരു ട്രെയിനിംഗ് ഇൻസ്റ്റിററ്യൂട്ട് സ്ഥാപിച്ചുവരുന്നു.

ഗവണ്മെൻറിന്റെ ആഭിമുഖ്യത്തിലും സഹകരണത്തിലും ചില പ്രസിദ്ധീകരണസ്ഥാപനങ്ങളുണ്ട്. ചിൽഡ്രൻസ് ബുക്ക് ട്രസ്റ്റ്, നാഷനൽ ബുക്ക് ട്രസ്റ്റ്, കേന്ദ്ര വാർത്താവിതരണപ്രക്ഷേപണവകുപ്പിന്റെ പ്രസിദ്ധീകരണവിഭാഗം, സാഹിത്യ അക്കാദമി മുതലായവയാണ് അവയിൽ പ്രധാനം. സർവ്വകലാശാലാതലത്തിലുള്ള പുസ്തകങ്ങൾ ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള 1968—69-ലെ പദ്ധതിപ്രകാരം എല്ലാ സംസ്ഥാനങ്ങളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിതമായിട്ടുണ്ട്. ശതക്കണക്കിനുള്ള വിജ്ഞാനഗ്രന്ഥങ്ങൾ ഇവ പ്രസിദ്ധപ്പെടുത്തിവരുന്നു. കേരളത്തിലെ ഭാഷാ ഇൻസ്റ്റിററ്യൂട്ട് തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു.

അന്താരാഷ്ട്ര പുസ്തകവർഷത്തിലെ അഖിലേന്ത്യാ പരിപാടികൾ ഡൽഹിയിൽ നടന്നതിനുശേഷം ഇപ്പോൾ ഓരോ സംസ്ഥാനത്തും അതുസംബന്ധിച്ചുള്ള ചർച്ചകളും പ്രദർശനങ്ങളും നടക്കുകയാണ്. തിരുവനന്തപുരത്തു് ഓഗസ്റ്റ് 23-നും 27-നും ഇടയ്ക്കും കോഴിക്കോട്ട് സെപ്റ്റംബർ 8-നും 11-നും ഇടയ്ക്കുമാണ് പുസ്തകപ്രദർശനം സംഘടിപ്പിച്ചിട്ടുള്ളതു്. കോട്ടയത്തു് ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 3 വരെയാണ് പ്രദർശനം. എറണാകുളത്തു് സെപ്റ്റംബർ 5, 6 തീയതികളിലും.

എല്ലാവർക്കും പുസ്തകങ്ങൾ എന്ന അന്താരാഷ്ട്ര പുസ്തകവർഷ മുദ്രാവാക്യം പ്രാവർത്തികമാക്കാൻ കേരളഗവണ്മെൻറും പ്രസിദ്ധീകരണസ്ഥാപനങ്ങളും സംഘടനകളും യുനെസ്കോയുടെ ആഗോളപരിപാടിയുടെ അടിസ്ഥാനത്തിൽ ഒരു അഖിലകേരള പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ ദശകം മുഴുവൻ നീണ്ടുനില്ക്കുന്ന ആ പദ്ധതിയുടെ ആരംഭം മാത്രമാണ് ഈ പുസ്തകപ്രദർശനങ്ങൾ. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെൻറ്, ഭാഷാ ഇൻസ്റ്റിററ്യൂട്ട്, മൂവായിരത്തിലേറെ ഗ്രന്ഥശാലകളുള്ള കേരള ഗ്രന്ഥശാലാസംഘം, സാഹിത്യപ്രവർത്തക സഹകരണസംഘം, കേരള വിദ്യാഭ്യാസ വകുപ്പ്, കോട്ടയം പബ്ലിക് ലൈബ്രറി എന്നിവയുടെ സഹകരണത്തോടെ നാഷനൽ ബുക്ക് ട്രസ്റ്റാണ് ഈ മൂന്നു പുസ്തകപ്രദർശനങ്ങളും കേരളത്തിൽ സംഘടിപ്പിക്കുന്നതു്.

ഗുണ്ടർട്ട് നിഘണ്ടു

മലയാളത്തിലെ ഏററവും മികച്ച നിഘണ്ടു. 1872-ൽ മംഗലാപുരത്തു പ്രസിദ്ധപ്പെടുത്തി. 1962-ൽ ഒരു പുതിയ പതിപ്പു കോട്ടയത്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി 1972-ൽ മറെറാരു പതിപ്പും. ഗുണ്ടർട്ട് നിഘണ്ടുവിന്റെ 100-ാം വാർഷികമാണ് 1972.

പുസ്തകവിപ്ലവം

ഡോ. പി. ഇ. തോമസ്

യുനെസ്ക്കോയുടെ 16–ാമതു ജനറൽകോൺഫറൻസ് 1970 നവംബർ 9–ന് പാരീസിൽ ചേൻ്ന. അന്നു് 1972 അന്താരാഷ്ട്രപുസ്തകവഷ്മായി ആചരിക്കണമെന്ന തീരുമാനിച്ചു. പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന്ന ഡയറക്ടർ ജനറൽ സമപ്പിച്ച പ്രവത്തനപരിപാടികളുടെ റിപ്പോർട്ടും യുനെസ്കോപൊതുസമ്മേളനം അംഗീകരിച്ചു

സമൂഹത്തിൽ പുസ്തകങ്ങൾക്കുള്ള സ്ഥാനം നിണ്ണയിക്കുകയും അതിൽ ശ്രദ്ധയൂന്നുകയുമാണ് ഈ തീരുമാനത്തിന്റെ ലക്ഷ്യം. സാമൂഹ്യസമ്പക്മാധ്യമങ്ങളിൽ പ്രമുഖമായ സ്ഥാനം പുസ്തകങ്ങൾ നേടിയിരിക്കുകയാണ്. ഉൽപാദനത്തിലും വിതരണത്തിലുമുള്ള സാങ്കേതികസൗകര്യങ്ങളാണ് അതിന്ന വഴിയൊരുക്കിയതു്. കുറഞ്ഞ വിലയ്ക്കു് മികച്ച പുസ്തകങ്ങൾ ആളുകൾക്ക ലഭിക്കുമെന്നായപ്പോൾ ഒരു പുസ്തകവിപ്ലവംതന്നെ ആവിർഭവിച്ചിരിക്കയാണ്.

അതേസമയം വായനക്കാരുടെ സംഖ്യ വദ്ധിച്ചുവരുന്നുണ്ടു്. ജനസംഖ്യാവദ്ധന, വിദ്യാഭ്യാസപ്രചാരം, വിശ്രമാവസരങ്ങളുടെ സുലഭത എന്നിവ പുസ്തകവിപണി വിപുലമാക്കിയിരിക്കയാണ്. വിതരണസമ്പ്രദായം, ലൈബ്രറികളുടെ സംഘാടനം, വിദ്യാലയങ്ങളുടെയും പ്രസിദ്ധീകരണങ്ങളുടെയും ബാഹുല്യം എന്നിവ പുസ്തകപ്രസിദ്ധീകരണത്തെ ഒരു വൻകിടവ്യവസായമാക്കി മാററിയിരിക്കുന്നു. റേഡിയോവും ടെലിവിഷനും മററും വന്നിട്ടും പുസ്തകത്തിന്റെ സ്വാധീനത്തിന്ന കുറവുണ്ടായിട്ടില്ല. ഇന്നും സാമൂഹ്യസമ്പക്മാധ്യമങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഉപാധിയാണു പുസ്തകം.

ഇതിന്റെ പശ്ചാത്തലത്തിൽ യുനെസ്കോയുടെ 13–ാമതു ജനറൽ കോൺഫറൻസ് പുസ്തകോൽപാദനപ്രാധാന്യം വിലയിരുത്തി. 14–ാംസമ്മേളനം പുസ്തകപ്രസിദ്ധീകരണപുരോഗതിക്കു് ഒരു പരിപാടി അംഗീകരിച്ചു. അതുപ്രകാരം ഏഷ്യ, ആഫ്രിക്ക, തെക്കേ അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ വികസ്വരരാജ്യങ്ങളിൽ പുസ്തകങ്ങളുടെ ഉൽപാദനവും വിതരണവും സംബന്ധിച്ച സെമിനാറുകളും പരിശീലനക്യാമ്പുകളും നടന്നു.

ഇതിൽനിന്നു സാമ്പത്തികവും സാമൂഹ്യവുമായ പുരോഗതിക്കു് പുസ്തകങ്ങളുടെ സേവനം അതുല്യമാണെന്ന ധാരണയ്ക്കു പ്രാബല്യം സിദ്ധിച്ചു. പക്ഷേ, ആധുനികലോകത്തിൽ പുസ്തകങ്ങളുടെ ബഹുമുഖമായ സേവനം ഊന്നിപ്പറഞ്ഞു ജനകോടികളെ ബോദ്ധ്യപ്പെടുത്താൻ ഒരു അന്താരാഷ്ട്ര തീവ്രയത്നപദ്ധതിതന്നെ വേണ്ടിയിരുന്നു. അതിന്നുവേണ്ടി 1969 മാർച്ചിൽ യുനെസ്കോപുസ്തകപദ്ധതി പ്രവത്ത

കരുടെയും ഗവണ്മെന്റ് പ്രതിനിധികളുടെയും ഒരു സമ്മേളനം ചേർന്നു. ഒരു വർഷം അന്താരാഷ്ട്രപുസ്തകവർഷമായി തെരഞ്ഞെടുക്കാനുള്ള നിർദ്ദേശത്തിനു പൊതുസമ്മതി ലഭിച്ചു. ഒരു ദശവർഷം മുഴുവൻ അതിന്റെ പ്രചോദനം നിലനില്ക്കണമെന്നതായിരുന്നു നിർദ്ദേശത്തിന്റെ ലക്ഷ്യം.

യുനെസ്കോയുടെ നേതൃത്വത്തിൽ 1970 മാർച്ചിൽ അന്താരാഷ്ട്രനിലവാരത്തിൽ ആലോചനകൾ നടന്നു. വിവിധരാജ്യങ്ങളിലെ പുസ്തകവിദഗ്ദ്ധർ സുദീർഘചർച്ചകൾ നടത്തി. ഇന്റർനാഷനൽ കമ്മ്യൂണിറ്റി ഓഫ് ബുക്ക് സെല്ലേഴ്സ് അസോസിയേഷൻസ്, ഇന്റർനാഷനൽ കോൺഫെഡറേഷൻ ഓഫ് സൊസൈറ്റീസ് ഓഫ് ഓതേഴ്സ് ആൻഡ് കമ്പോസേഴ്സ്, ഇന്റർനാഷനൽ ഫെഡറേഷൻ ഫോർ ഡോക്യുമെന്റേഷൻ, ഇന്റർനാഷനൽ ഫെഡറേഷൻ ഓഫ് ലൈബ്രറി അസോസിയേഷൻസ്, ഇന്റർനാഷനൽ പബ്ലിഷേഴ്സ് അസോസിയേഷൻ തുടങ്ങിയ അന്താരാഷ്ട്രസംഘടനകൾ അതിൽ സജീവമായി പങ്കെടുത്തു.

ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട പ്രവർത്തനപരിപാടികളുടെയും ലക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിലാണ് 1970 നവംബറിൽ 1972 അന്താരാഷ്ട്രപുസ്തകവർഷമായി പ്രഖ്യാപിച്ചത്. അന്താരാഷ്ട്രപരിപാടിയുടെ പശ്ചാത്തലത്തിൽ ഓരോ രാജ്യവും ഈ വർഷം കഴിവിനും ആവശ്യത്തിനും ചേർന്നവിധം പുസ്തകോൽപാദനവും വിതരണവും സംബന്ധിച്ചുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പുസ്തകവിപ്ലവം എന്നുതന്നെ അതിനെ വിശേഷിപ്പിക്കാം.

മലയാള സ്റ്റൈൽമാനുവൽ

എൻ. വി. കൃഷ്ണവാര്യർ

1972 അന്താരാഷ്ട്ര പുസ്തകവർഷമായി പ്രഖ്യാപിക്കണമെന്നു് യുനെസ്കോവിന്റെ ജനറൽ കോൺഫറൻസ് 1970–ൽ തീരുമാനിച്ചിരുന്നു. ഈ തീരുമാനമനുസരിച്ചു് ഈ വർഷം അന്താരാഷ്ട്രപുസ്തകവർഷമായി ആചരിക്കുന്നതാണെന്നു് ഇന്ത്യാഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ടു്. മാർച്ച്–ഏപ്രിലിൽ ഡൽഹിയിൽ നടത്തിയ അന്താരാഷ്ട്ര പുസ്തകമേള ഇതിനോടു് അനുബന്ധിച്ചുള്ളതാണു്. സ്റ്റേററ് ഗവണ്മെന്റുകളും സമുചിതമായ രീതിയിൽ അന്താരാഷ്ട്രപുസ്തകവർഷം ആഘോഷിക്കണമെന്നു് കേന്ദ്രഗവണ്മെന്റ് നിർദ്ദേശിച്ചിരിക്കുന്നു.

ബഹുജനങ്ങളെ ഉദ്ബുദ്ധരാക്കുന്നതിനുള്ള സുശക്തമായ മാദ്ധ്യമമെന്ന നിലയിൽ സാമൂഹികപരിവർത്തനത്തിൽ പുസ്തകങ്ങൾക്കുള്ള പങ്കു് ഉയർത്തിക്കാണിക്കുകയാണു് അന്താരാഷ്ട്രപുസ്തകവർഷാചരണത്തിന്റെ മുഖ്യലക്ഷ്യം. ''എല്ലാവർക്കും പുസ്തകങ്ങൾ'' എന്നതാണു് അന്താരാഷ്ട്രപുസ്തകവർഷത്തിന്റെ മുദ്രാവാക്യം. ഗ്രന്ഥനിർമ്മാണവും വിവർത്തനവും പ്രോത്സാഹിപ്പിക്കുക, ചുരുങ്ങിയ ചെലവിൽ മികച്ച പുസ്തകങ്ങൾ ധാരാളം കിട്ടുമാറാക്കുക, ബഹുജനങ്ങളിൽ വായനശീലം വളർത്തുക, ഗ്രന്ഥശാലകളെ അഭിവൃദ്ധിപ്പെടുത്തുക, വിദ്യാഭ്യാസം, അന്താരാഷ്ട്രീയധാരണ, സമാധാനപരമായ സഹകരണം എന്നീ രംഗങ്ങളിൽ പുസ്തകങ്ങളുടെ ഉപയോഗം പരമാവധി വർദ്ധിപ്പിക്കുക എന്നീ പ്രവൃത്തിമണ്ഡലങ്ങൾ ഈ വർഷാചരണത്തിനു് പ്രത്യേകമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സാക്ഷരതയുടെ കാര്യത്തിൽ ഇന്ത്യയുടെ മുൻപന്തിയിലാണെങ്കിലും കേരളത്തിൽ പുസ്തകനിർമ്മാണകല തുലോം പരിതാപകരമായ സ്ഥിതിയിലാണു് ഇന്നും. വൃത്താന്തപത്രമുദ്രണത്തിൽ ഉണ്ടായിട്ടുള്ള വികാസം ഇവിടെ പുസ്തകമുദ്രണത്തിൽ സംഭവിച്ചിട്ടില്ല. മദ്രാസ്, ബോംബെ, കൽക്കട്ട, ഡൽഹി മുതലായ മഹാനഗരങ്ങളിലെ മികച്ച പ്രസ്സുകളോടു കിടനില്ക്കത്തക്ക ഒരൊററ അച്ചുകൂടം പോലും കേരളത്തിലില്ല. കേരളത്തിൽ നല്ല ഒരു കടലാസുമില്ലു് ഇല്ലാത്തതിനാൽ, കടലാസിന്റെ കാര്യത്തിൽ നിത്യദുർഭിക്ഷമാണു് നമ്മുടെ അനുഭവം.

അച്ചടിയിൽ ഐകരൂപ്യം വരുത്താൻ ഒരു ശ്രമവും ഇവിടെ നടന്നിട്ടില്ല. പരസ്പരം കലഹിച്ചുനില്ക്കുന്നവയാണു് പല ഫൗണ്ടറികളിൽ വാർത്ത നമ്മുടെ ടൈപ്പുകൾ. ഡിസ പ്ലേയ്ക്കുള്ള ടൈപ്പുകൾ ആകട്ടെ നമുക്കു കുറവാണു്. ഉള്ളവയിലധികവും ഭംഗിയില്ലാത്തതുമാണു്. ഒരേ ബോഡിയിൽ പലതരം ടൈപ്പുകൾ കിട്ടാനേ ഇല്ല.

അച്ചടിയുടെ ശാസ്ത്രീയവശങ്ങൾ പ്രതിപാദിക്കുന്ന ഒരൊററ ഗ്രന്ഥം പോലും നമുക്കു കൈവന്നിട്ടില്ല. പരിഷ്കരിച്ച മലയാളംലിപി സക്കാർപ്രസിദ്ധീകരണങ്ങളിൽ മാത്രമേ നടപ്പിലാക്കിയിട്ടുള്ളു. അച്ചടിച്ച പുസ്തകങ്ങൾ ബയൻഡ് ചെയ്യുന്നതിനു് ഇവിടെയുള്ള ഏർപ്പാടുകൾ അപരിഷ്കൃതങ്ങളും അപര്യാപ്തങ്ങളുമാണു്. കടലാസ് മടക്കാനും തുന്നാനുമുള്ള യന്ത്രങ്ങൾ, മൂന്നു വശവും ഒപ്പം മുറിക്കുന്ന യന്ത്രങ്ങൾ മുതലായവ മിക്ക പ്രസ്സുകളിലുമില്ല

പുസ്തകങ്ങൾ വിറ്റുപോകുംവരെ ശേഖരിച്ചു കേടുവരാതെ സൂക്ഷിക്കാനുള്ള വെയർഹൗസിങ് സൗകര്യങ്ങൾ കേരളത്തിലില്ലെന്നുതന്നെ പറയാം.

വില്പനയുടെ രംഗത്തിലും നമുക്കു വളരെയൊന്നും അഭിമാനിക്കാനില്ല. വാങ്ങുന്നവക്കു് പുസ്തകം എടുത്തു് കുറെ വായിച്ചുനോക്കി വാങ്ങാനോ വാങ്ങാതിരിക്കാനോ സൗകര്യംനല്കുന്നവയല്ല നമ്മുടെ മികച്ച വില്പനശാലകളുടെ ഷോറൂമുകൾപോലും. പുസ്തകവില്പന രംഗത്തു് കഠിനമായ മത്സരമുള്ളതിനാൽ വലിയ കമ്മീഷൻ—എഴുപതും എണ്പതും ശതമാനംവരെ—കൊടുത്തു് മോശപ്പെട്ട പുസ്തകങ്ങൾ വിററഴിക്കാനും അവ വാങ്ങി ശേഖരിക്കാനുമുള്ള പ്രവണത വളന്നുവന്നിട്ടുണ്ടു്. സദ്ഗ്രന്ഥങ്ങൾ വിറ്റുപോകുന്നില്ലെന്നതാണു് ഇതിന്റെ ഫലം.

നമ്മുടെ യുവജനങ്ങളുടെ വായനശീലം തളന്നുവരുകയാണെന്ന ആക്ഷേപമുണ്ടു്. സ്കൂളുകളിലും കോളജുകളിലും ഉള്ള വിദ്യാത്ഥികളിൽ വളരെ ചുരുക്കംപേരേ പാഠ്യേതരപുസ്തകങ്ങൾ വായിക്കുന്നുള്ളു.

അന്യരാജ്യങ്ങളിൽനിന്നു് ഒന്നാംതരം പുസ്തകങ്ങൾ നമുക്കു് ധാരാളമായി ലഭിക്കുന്നില്ല. വിദേശനാണ്യക്ഷാമമാണു് ഇതിൻെറ കാരണം. ഇന്ത്യയിൽ അച്ചടിച്ച പുസ്തകങ്ങൾ മററു നാടുകളിൽ വില്ക്കുന്നതും കുറവാണു്. നിലവാരക്കുറവാണു് ഇവിടെ പ്രശ്നം.

കേരളത്തിൻെറ വ്യത്യസ്തപ്രദേശങ്ങളിൽ ഈയാണ്ടിൽ മികച്ച പുസ്തകപ്രദശ്നനങ്ങൾ സംഘടിപ്പിക്കാവുന്നതാണു്. മലയാളത്തിൽ ഇന്നു കിട്ടാവുന്ന എല്ലാ പുസ്തകങ്ങളും സംഭരിക്കുന്നതിനുപുറമെ, ആധുനികവിജ്ഞാനത്തിന്റെ വിവിധ മേഖലകളെപ്പററി പ്രതിപാദിക്കുന്ന അന്യഭാഷാപുസ്തകങ്ങളും ഇവയിൽ പ്രദശിപ്പിക്കാം. ഇന്ത്യയിലെ മററു ഭാഷകളിലുള്ള പുസ്തകങ്ങളുമായി താരതമ്യപ്പെടുത്തി കേരളം പുസ്തകരംഗത്തിൽ എവിടെ നില്ക്കുന്നു എന്നു് വിവേചിച്ചറിയാൻ ഇത്തരം പ്രദശ്നനങ്ങൾ ഉപകരിക്കും.

അച്ചടി സംബന്ധിച്ച പ്രദശ്നനങ്ങൾ വലിയ പ്രസ്സുകളുള്ള എല്ലാ സ്ഥലങ്ങളിലും സംഘടിപ്പിക്കാവുന്നതാണു്. കമ്പോസിങ് മുതൽ ബയൻഡിങ്‌വരെയുള്ള ഗ്രന്ഥനിമ്മാണത്തിൻെറ വിവിധ പ്രക്രിയകൾ അനുക്രമമായി പ്രദശിപ്പിക്കുന്നതുവഴി വിദ്യാത്ഥികൾക്കു് പുസ്തകത്തിൽ പൊതുവേ താൽപര്യം ജനിപ്പിക്കാനും, ചിലക്കെങ്കിലും

അച്ചടിത്തൊഴിലിൽ ആഭിമുഖ്യമുളവാക്കാനും ഈ പ്രശ്നങ്ങൾ പ്രയോജനപ്പെടാതിരിക്കയില്ല.

വായനശീലം ജനങ്ങളിൽ വളർത്തുന്നതിനായി ഒരു 'വായന വാരം' സംഘടിപ്പിക്കുന്നതിനെപ്പറ്റിയും ആലോചിക്കാവുന്നതാണ്. തിരഞ്ഞെടുത്ത ഏതാനും ഗ്രന്ഥങ്ങളുടെ തിരഞ്ഞെടുത്ത ഭാഗങ്ങൾ ഭംഗിയായി സുഹൃദ്സംഘങ്ങളിൽ വായിക്കുകയും കേൾക്കുകയും ചെയ്യുക ഈ വാരത്തിന്റെ പരിപാടിയാക്കാം.

മലയാളത്തിൽ മികച്ച ഒരു 'സ്റ്റൈൽ മാനുവൽ' നിർമ്മിക്കുകയാണ് മറെറാരാവശ്യം. ഈ മാനുവൽ നമ്മുടെ അച്ചുകൂടങ്ങൾ അംഗീകരിക്കുന്നപക്ഷം അച്ചടിയുടെ ബാഹ്യരൂപത്തിൽ ഏകീകൃതമാന ദണ്ഡങ്ങൾ നിലവിൽ വരും. ഇതോടൊപ്പം ഇന്ത്യയിലെയും മറുനാടുകളിലെയും സ്ഥലവ്യക്തിനാമങ്ങളുടെ സ്പെല്ലിങ് ഏകരൂപമാക്കുന്നതിനു പററിയ ഒരു 'ശബ്ദാവലി'യും ഉണ്ടാക്കേണ്ടതുണ്ട്. സ്പെയ്സിങ്, ചിഹ്നങ്ങൾ, ചിലതരം കൂട്ടക്ഷരങ്ങൾ മുതലായവയുടെ കാര്യത്തിലും ഐകരൂപ്യം വരുത്തേണ്ടതും വരുത്താവുന്നതുമാണ്.

വിദേശ ടെക്സ്റ്റ് പുസ്തകങ്ങൾ

അമേരിക്ക, ബ്രിട്ടൻ, റഷ്യ എന്നീ ഗവമ്മെന്റുകളുടെ സഹകരണത്തോടുകൂടി ഇന്ത്യയിൽ അമേരിക്കയുടെ 1148 പുസ്തകങ്ങളും ബ്രിട്ടന്റെ 440 പുസ്തകങ്ങളും റഷ്യയുടെ 150 പുസ്തകങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടനിലേയും റഷ്യയിലേയും ടെക്സ്ററു പുസ്തകങ്ങൾ നിലവിലുള്ള നിയമപ്രകാരം ഇറക്കുമതി ചെയ്യുകയാണ്. എന്നാൽ അമേരിക്കൻ പുസ്തകങ്ങൾ പി. എൽ. 480—ലെ സഹായധനം ഉപയോഗിച്ച് ഇന്ത്യൻ പ്രസാധകർ തന്നെ ഇന്ത്യയിൽ അച്ചടിച്ചു വിതരണം ചെയ്തുവരുന്നു. അമേരിക്കൻ പുസ്തകങ്ങളുടെ അഞ്ചിലൊന്നേ അവയ്ക്കു വില ഈടാക്കുന്നുള്ളു. എന്നാൽ റോയൽററി നല്കുന്നതു് അമേരിക്കയിലെ വിലപ്രകാരമായിരിക്കും. പക്ഷേ, അതിൽ അമ്പതു ശതമാനവും ആദായനികുതിയിനത്തിൽ ഇന്ത്യയ്ക്കു കൊടുക്കണം. ഇത്തരം കുറെ പുസ്തകങ്ങൾ ഇന്ത്യയിൽനിന്നു കയററുമതി ചെയ്യാനും സ്വാതന്ത്ര്യമുണ്ട്. ഈ പുസ്തകപദ്ധതിപ്രകാരം ഇന്ത്യ രണ്ടുലക്ഷം രൂപയോളം റോയൽററി കൊടുത്തുകഴിഞ്ഞു. ഇത്തരം പുസ്തകങ്ങൾ ഇന്ത്യയ്ക്കു് അനുയോജ്യമാണോ എന്നു നിശ്ചയിക്കുന്ന വിദഗ്ദ്ധസമിതി അംഗങ്ങൾക്കു് ഒരു പുസ്തകത്തിനു് 50 രൂപ വീതം പ്രതിഫലം ലഭിക്കും.

നാഷനൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

എസ്. ശിവദാസ്

നാഷനൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ രൂപംകൊണ്ടതു് 1957-ലാണ്. കേന്ദ്രഗവണ്മെൻറിൻെറ വിദ്യാഭ്യാസസാമൂഹ്യവകുപ്പിൻെറ കീഴിൽ ഒരു സ്വതന്ത്രസംഘടനയായിട്ടാണ് ബുക്ക് ട്രസ്റ്റ് പ്രവത്തിക്കുന്നതു്. നല്ല സാഹിത്യകൃതികൾ താരതമ്യേന കുറഞ്ഞ വിലയ്ക്കു് വായനക്കാക്ക് ലഭിക്കത്തക്കവണ്ണം പ്രസിദ്ധീകരിക്കാനുദ്ദേശിച്ചുകൊണ്ടാണ് ട്രസ്റ്റ് ആരംഭിച്ചതു്. ഈ പുസ്തകങ്ങളിൽ ചിലവ ട്രസ്റ്റ് നേരിട്ടും ബാക്കിയുള്ളവ ട്രസ്റ്റിനുവേണ്ടി സ്വകാര്യപ്രസിദ്ധീകരണ സ്ഥാപനങ്ങളുമാണ് പ്രകാശിപ്പിക്കുന്നതു്. ജനങ്ങളുടെയിടയിൽ വായനശീലം വളത്തിയെടുക്കുക എന്നതാണ് ട്രസ്റ്റിന്റെ മുഖ്യോദ്ദേശ്യം. പ്രദശ്നങ്ങളും പുസ്തകമേളകളും സംഘടിപ്പിക്കുക, സാഹിത്യരചന, വിവത്തനം, പുസ്തകപ്രസിദ്ധീകരണവും വിതരണവും തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് സെമിനാറുകളും പണിപ്പുരകളും ഏപ്പെടുത്തുക തുടങ്ങിയവ ട്രസ്റ്റിൻെറ പ്രവത്തനങ്ങളിൽപ്പെടുന്നു.

വായനശീലം ജനങ്ങളുടെയിടയിൽ വളത്തിയെടുക്കാൻവേണ്ടി ദേശീയാടിസ്ഥാനത്തിലും, പ്രാദേശികാടിസ്ഥാനത്തിലും വഷം തോറും ട്രസ്റ്റിൻെറ ആഭിമുഖ്യത്തിൽ പ്രദശ്നങ്ങളും നടത്തുന്നുണ്ട്.

വിവിധഭാഷകളിലായി എണ്ണൂറോളം കൃതികൾ ട്രസ്റ്റ് ഇതിനകം പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇന്ത്യ നാടും ജനങ്ങളും, പ്രശസ്തരായ ഭാരതീയരുടെ ജീവചരിത്രങ്ങൾ, പോപ്പുലർ സയൻസ്, വിശ്വസാഹിത്യത്തിലെ സുപ്രധാനകൃതികൾ, ദേശീയോദ്ഗ്രഥനത്തെ മുൻനിത്തിയുള്ള ബാലസാഹിത്യകൃതികൾ തുടങ്ങി പല മണ്ഡലങ്ങളിലും ഈ പദ്ധതി വ്യാപിച്ചുകിടക്കുന്നു.

സവ്വകലാശാലകളിൽ പഠിപ്പിക്കാനാവശ്യമുള്ള പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്താനാവശ്യമായ ധനസഹായം ചെയ്യുന്നതും ട്രസ്റ്റിന്റെ പദ്ധതികളിലൊന്നാണ്. എഴുത്തുകാക്കുവേണ്ടി രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ ട്രസ്റ്റ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ഇവിടെ ട്രസ്റ്റിൻെറ അതിഥികളായി പ്രമുഖ എഴുത്തുകാർ വന്നു താമസിക്കുകയും, ആശയവിനിമയം നടത്തുകയും, അങ്ങനെ പരസ്പരധാരണ വളത്തിയെടുക്കുകയും ചെയ്യുന്നു. വിദേശങ്ങളിൽ ഭാരതീയപുസ്തകങ്ങളുടെ പ്രദശ്നങ്ങൾ നടത്തുന്നതും, അന്താരാഷ്ട്രീയപുസ്തകമേളകളിൽ പങ്കെടുക്കുന്നതും ട്രസ്റ്റിൻെറ പരിപാടികളിൽപ്പെടുന്നു.

ചില പ്രത്യേകലക്ഷ്യങ്ങളോടുകൂടിയുള്ള പല പദ്ധതികളും നാഷനൽ ബുക്ക് ട്രസ്റ്റിനുണ്ട്. ഇന്ത്യയിലെ പ്രധാനപ്രദേശങ്ങളിലെ പുരാതനമായ കഥകളും, പാട്ടുകളും ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുകയും അങ്ങനെ നാടിൻെറ ഐക്യം നിലനിത്തുകയും ചെയ്യുവാൻ ട്രസ്റ്റ് ഉദ്ദേശിക്കുന്നു. ഭാരതീയയുവജനങ്ങളുടെ ആവശ്യങ്ങൾ മുൻനിത്തി ഒരു ഗ്രന്ഥ

പരമ്പര പ്രസിദ്ധപ്പെടുത്താനുള്ള പദ്ധതിയാണു് മറ്റൊന്നു്. നാടിന്റെ ചരിത്രത്തിലെ ആവേശജനകമായ സംഭവവികാസങ്ങളെയും, അവയോടു ബന്ധപ്പെട്ട വ്യക്തികളെയും അവതരിപ്പിച്ചുകൊണ്ടുള്ള കൃതി ഇതിൽപ്പെടുന്നു. ശാസ്ത്രസാങ്കേതികരംഗങ്ങളിലിന്നുവരെയുണ്ടായിട്ടുള്ള പുരോഗതിയുടെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കൃതികളും യുവജനങ്ങൾക്കുവേണ്ടി ട്രസ്റ്റു പ്രസിദ്ധപ്പെടുത്തുന്നു. നെഹ്റു ബാൽ പുസ്തകാലയാ ആദാൻ പ്രദാൻ തുടങ്ങിയ പദ്ധതികൾവേറെയുമുണ്ടു്.

കേന്ദ്രത്തിൽ മുമ്പു് ക്യാബിനററ് മന്ത്രിയായിരുന്ന ബി. വി. കേസ്കറാണു് ട്രസ്റ്റിന്റെ ചെയർമാൻ; പ്രമുഖ പഞ്ചാബി സാഹിത്യകാരനായ കർത്താർസിംഗ് ദുഗ്ഗൽ ഡയറക്ടരും.

അച്ചടിയിൽ ഐകരൂപ്യം

ഗവണ്മെൻറിന്റെ നിർദ്ദേശപ്രകാരം കേരളത്തിൽ പുസ്തകവഷാഘോഷത്തിനുള്ള പരിപാടി കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് തയ്യാറാക്കി. 1972 മാർച്ച് 14-ാം തീയതി വിദ്യാഭ്യാസമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്തു ചേർന്ന ഒരു സമ്മേളനം ഈ പരിപാടി ചർച്ചചെയ്തു് അംഗീകരിച്ചു. അച്ചടി, പുസ്തകപ്രദർശനം എന്നിവയുടെ നിലവാരത്തിൽ കേരളം ഇന്ത്യയിലെ പല സ്റ്റേററുകളുടെയും പുറകിലാണു്. അച്ചടിയുടെ സാങ്കേതികവശങ്ങളിൽ ഐകരൂപ്യമോ നിയമമോ വരുത്താൻ ഉതകുന്ന ആധികാരികമായ ഒരു അച്ചടിശാസ്ത്രഗ്രന്ഥം മലയാളത്തിലില്ല. ലിപി പരിഷ്കരിച്ചെങ്കിലും പരിഷ്കൃതലിപിയുടെ ഉപയോഗം സാർവ്വത്രികമായിട്ടില്ല. അച്ചടിച്ച പുസ്തകങ്ങൾ വിററഴിയുംവരെ സംഭരിക്കാൻ കേരളത്തിൽ വെയർഹൗസുകളില്ല. ഈവക കാര്യങ്ങളിൽ പ്രായോഗികമായ പല നിർദ്ദേശങ്ങളും പുസ്തകവഷാഘോഷപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. ഗ്രന്ഥശാലകൾക്കു് ഈ ആണ്ടിൽ നല്കുന്ന സഹായധനം ഇരട്ടിയാക്കണമെന്നതാണു മറെറാരു നിർദ്ദേശം. സ്പെല്ലിംഗ് ഏകരൂപമാക്കുന്നതിനെപ്പററി ചച്ചചെയ്തു തീരുമാനമെടുക്കാൻ ഈ വിഷയത്തിൽ താല്പര്യമുള്ള എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ടു് ഒരു സെമിനാർ കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് താമസിയാതെ സംഘടിപ്പിക്കുന്നതായിരിക്കും. മുൻ ഗവണ്മെന്റ് പ്രസ്സ് സൂപ്രണ്ടു് കെ. സ്വാമിനാഥൻ മലയാളത്തിൽ ഒരു അച്ചടി മാനുവൽ തയ്യാറാക്കുന്നതിന്റെ ചുമതല ഏറെറടുത്തിട്ടുണ്ടു്. ഇതു തയ്യാറായിക്കഴിഞ്ഞാൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

സാഹിത്യപ്രവത്തക സഹകരണസംഘം

പി. എം. ജോജ്ജ്

1945–ലാണ് ആ സംഭവം. കോട്ടയത്തെ ഒരുഡസൻ പേർ ഒന്നിച്ചുകൂടി എഴുത്തുകാരുടെ ഒരു സഹകരണസംഘം ആരംഭിക്കുന്നതിനു 120 രൂപയുടെ മൂലധനം ശേഖരിക്കുകയായിരുന്നു ലക്ഷ്യം. അന്നു 10 രൂപ മുടക്കുന്ന ഒരാളെ കണ്ടുപിടിക്കുക എളുപ്പമല്ലായിരുന്നു. എങ്കിലും സാഹിത്യപ്രവത്തക സഹകരണസംഘം രജിസ്റ്റർചെയ്യുന്നതിൽ അവർ വിജയിച്ചു.

സംഘം 12 അംഗങ്ങളോടും 120 രൂപ മൂലധനത്തോടുംകൂടിയാണ് ആരംഭിച്ചതു്. ഇന്നു് അതിനു ഭൂരിഭാഗവും എഴുത്തുകാരായ 500 അംഗങ്ങളും 8 ലക്ഷം രൂപയുടെ അടച്ചുതീത്ത ഓഹരിമൂലധനവുമുണ്ടു്. ഓഹരിമൂലധനത്തിലേക്കു കേരളഗവണ്മെൻറ് 2,52,000 രൂപ നല്കിയിട്ടുണ്ടു്.

പുസ്തകപ്രസിദ്ധീകരണവും വില്പനയുമാണു സംഘത്തിൻെറ പ്രധാന ഉദ്ദേശ്യം. രാജ്യത്തു പ്രമുഖമായ സ്ഥാനം അതു നേടിക്കഴിഞ്ഞു. ഇന്ത്യാഗവണ്മെൻറ് നിദ്ദേശിച്ചിട്ടുള്ള കാര്യക്ഷമവും വിജയപ്രദവുമായ 12 സഹകരണസംഘങ്ങളിൽ ഒന്നാണിതു്.

സംഘം 1945–ൽ ഒന്നാമത്തെ പുസ്തകം പ്രസിദ്ധപ്പെടുത്തി. തകഴി ശിവശങ്കരപ്പിള്ളയുടെ ചെറുകഥാസമാഹാരമായിരുന്നു അതു്. എങ്കിലും 1949 മുതല്ക്കേ ക്രമമായി പുസ്തകപ്രസിദ്ധീകരണം നടത്തുന്നതിനു സാധിച്ചുള്ളു. ആ വഷംതന്നെ നാഷനൽ ബുക്ക്സ്റ്റാൾ എന്ന പേരിൽ ഒരു വില്പനവിഭാഗം സംഘത്തിൻെറ വകയായി ആരംഭിച്ചു. മൂന്നു വഷത്തിനകം 100 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. മൂന്നുലക്ഷം രൂപയ്ക്കുള്ള പുസ്തകങ്ങൾ വിററു.

സംഘത്തിനു പ്രസിദ്ധീകരണം, വില്പന, അച്ചടി എന്ന മൂന്നു വിഭാഗങ്ങളുണ്ടു്. പ്രസിദ്ധീകരണക്കമ്മററിയുടെ പരിഗണനയ്ക്കു് കൊല്ലംതോറും 1000 കൈയെഴുത്തുപ്രതികൾവീതം ലഭിക്കുന്നുണ്ടു്. അവ സൂക്ഷ്മപരിശോധനയ്ക്കുശേഷം പ്രസിദ്ധപ്പെടുത്തുന്നതിനു തെരഞ്ഞെടുക്കുന്നതു പ്രസിദ്ധീകരണക്കമ്മററിയാണു്. വിദഗ്ദ്ധരായവരുടെ ഒരു പരിശോധനാസമിതി കമ്മററിയെ ഇതിൽ സഹായിക്കുന്നു.

സംഘം 1968—69–ൽ 329 പുസ്തകങ്ങൾ പുറത്തിറക്കി. അതിൽ 160 സംഘം നേരിട്ടും ബാക്കിയുള്ളവ വിതരണത്തിൻെറ വ്യവസ്ഥയിലും പ്രസിദ്ധപ്പെടുത്തിയവയാണു്. സംഘത്തിൻെറ 160 പുസ്തകങ്ങൾ 13.90 ലക്ഷം രൂപ വിലവരുന്നവയാണു്.

ഇതിനകം സംഘം 2700 പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. 1600 പുസ്തകങ്ങൾ വിതരണത്തിനെടുത്തു. സംഘത്തിൻെറ പുസ്തകങ്ങളിൽ 7000 പേജുള്ള മഹാഭാരതത്തിൻെറയും ലോകത്തിലെ മികച്ച ഗ്രന്ഥങ്ങളുടെയും തർജ്ജമയും പല വാല്യങ്ങളിലുള്ള വിജ്ഞാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു.

പത്തു വാല്യങ്ങളും മുപ്പതുലക്ഷം രൂപ ചെലവുള്ളതുമായ മലയാളത്തിലെ വിശ്വവിജ്ഞാനകോശം സംഘത്തിൻെറ മികച്ച നേട്ടമാണ്. 10,000 പേജുകളുള്ള ഈ ദശവാല്യവിജ്ഞാനകോശത്തിൻെറ എട്ടു വാല്യങ്ങളും പ്രസിദ്ധപ്പെടുത്തി. ഒമ്പതും പത്തും വാല്യങ്ങൾ 1972 ഡിസംബറിൽ പ്രസിദ്ധപ്പെടുത്തും.

ലോകത്തിൽ ഏററവും ഉയന്നനിരക്കിൽ എഴുത്തുകാക്ക് റോയൽററി കൊടുക്കുന്ന സ്ഥാപനം സാഹിത്യപ്രവത്തക സഹകരണ സംഘമാണ്. സംഘത്തിലെ അംഗമായ ഗ്രന്ഥകത്താവിനു് അദ്ദേഹത്തിൻെറ പുസ്തകത്തിനു 30 ശതമാനം റോയൽറ്റി ലഭിക്കും.

വില്പനവിഭാഗം ഇന്ത്യയിലെങ്ങും എൻ. ബി. എസ്. എന്ന പേരിലറിയപ്പെടുന്നു. മലയാളത്തിൽ ലഭ്യമായ എല്ലാ പുസ്തകങ്ങളും എൻ. ബി. എസ്. വിററുവരുന്നു. എട്ടു ജില്ലാതലസ്ഥാനങ്ങളിൽ അതിനു ശാഖകളുണ്ടു്. 1971—72-ൽ 25 ലക്ഷം രൂപയ്ക്കു പുസ്തകം വിററു.

സംഘത്തിൻെറ പരസ്യത്തിനും പ്രചാരണത്തിനുംവേണ്ടി കൊല്ലംതോറും ഒരുലക്ഷം രൂപ ചെലവുണ്ടു്. സംഘം അതിന്റേതായ രീതിയിൽ ജനങ്ങളെ പുസ്തകബോധമുള്ളവരാക്കി വരികയാണ്. മാസംതോറും പ്രസിദ്ധപ്പെടുത്തുന്ന എൻ. ബി. എസ്. ബുള്ളററിൻ പ്രസിദ്ധപ്പെടുത്തിയതും പ്രസിദ്ധപ്പെടുത്താനുള്ളതുമായ പുസ്തകങ്ങളെ കുറിച്ചു വിവരം നല്കുന്നു. സാഹിത്യത്തിലെയും കലയിലെയും പുതിയ സംഭവവികാസങ്ങളുടെ ഏറെക്കുറെ സംഗ്രഹമാണു് ഈ ബുള്ളററിൻ. പ്രചാരം 12,000 കോപ്പിയാണ്.

സംഘത്തിൻെറ അച്ചടിവിഭാഗമാണ് ഇൻഡ്യാ പ്രസ്സ്. അച്ചടിയുടെ മേന്മയിലും പുസ്തകങ്ങളുടെ ഉൽപാദനത്തിലും മാന്യമായ സ്ഥാനം അതു നേടിക്കഴിഞ്ഞു. കേരളത്തിലെ മികച്ച അച്ചടിശാലകളിലൊന്നാണതു്.

കേരളത്തിലെ സാംസ്കാരികനവോത്ഥാനത്തിനും മലയാളസാഹിത്യകാരന്മാരുടെ സാമ്പത്തികഭദ്രതയ്ക്കും അടിസ്ഥാനമിട്ട എന്നു സംഘത്തിനു് അഭിമാനപൂവ്വം അവകാശപ്പെടാം.

കോട്ടയം പബ്ലിക് ലൈബ്രറി

പി. എ. ജോൺ

കോട്ടയം ദിവാൻ പേഷ്ക്കാർ (കളക്ടർ) ററി. രാമറാവു, സി. എം. എസ്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ചാക്കോ ആശാൻ എന്നിവരുടെ നേതൃത്വത്തിൽ 1882–ൽ കോട്ടയം പബ്ലിക് ലൈബ്രറി സ്ഥാപിക്കപ്പെട്ടു. 50 രൂപ വിലകൊടുത്തു് 7 സെൻറ് സ്ഥലം വാങ്ങിച്ചാണു് ലൈബ്രറിമന്ദിരം ആദ്യമായി പണിയിച്ചതു്. ഒരു നിലയിൽ പണിയിച്ച പ്രസ്തുത ലൈബ്രറിമന്ദിരം രണ്ടു നിലയിലുള്ളതാക്കിയതു് 1931–ൽ റാവുബഹദൂർ ജോൺ കുര്യനച്ചൻെറയും എം. ടി. തോമസിൻെറയും മേൽനോട്ടത്തിലായിരുന്നു.

ചുരുങ്ങിയ പുസ്തകസ്റ്റോക്കും, കുറഞ്ഞ അംഗസംഖ്യയുമായി കഴിഞ്ഞുവന്ന ലൈബ്രറിക്കു് ഒരു നവജീവൻ ലഭിച്ചതു് ജസ്റ്റീസ് ടി. കെ. ജോസഫ് സെക്രട്ടറിയായിരുന്നകാലത്തായിരുന്നു. അതിനുശേഷം 1945–ൽ സി. കെ. മാണി സെക്രട്ടറിയായി ചാജ്ജെടുത്തശേഷം പുരോഗതി കുറേക്കൂടി ത്വരിതഗതിയിലായി.

ലൈബ്രറിയുടെ സുവർണ്ണകാലം ആരംഭിച്ചതു് 1962–ലാണു്. ഡി. സി. കിഴക്കെമുറിയുടെ നേതൃത്വം ഈ കാലത്തെ പുരോഗതിക്കു മകുടംചാർത്തി. മൂന്നുലക്ഷം രൂപ ചെലവാക്കി പണിയിച്ച നാലുനിലക്കെട്ടിടം സാധ്യമാക്കിയതു് എ. വി. ജോർജ്ജ് മെമ്മോറിയൽ ഫണ്ടായി ലഭിച്ച ഒരുലക്ഷം രൂപയാണു്. 1966–ലെ നാടകോത്സവം, ഒന്നും രണ്ടും ലോട്ടറികൾ എന്നിവയിൽനിന്നു പത്തുലക്ഷം രൂപ ലഭിക്കുകയുണ്ടായി.

ഒരേക്കർ 11 സെൻറ് സ്ഥലം ഒന്നരലക്ഷംരൂപ വിലയ്ക്കു വാങ്ങിച്ചു് മൂന്നരലക്ഷം രൂപ ചെലവുചെയ്തു്, കുട്ടികളുടെ ലൈബ്രറി മന്ദിരം പണിയിച്ചു് ഇന്ത്യയിലെ ഏററവും വലിയ കുട്ടികളുടെ ലൈബ്രറി സ്ഥാപിക്കുവാൻ കോട്ടയത്തിനു സാധിച്ചു. ഈ സ്ഥാപനം ഇപ്പോൾ ജവാഹർലാൽ നെഹ്റുവിൻെറ പാവനസ്മരണയെ നിലനിർത്തുന്ന ജവാഹർ ബാലഭവനായി രൂപപ്പെട്ടിരിക്കുന്നു. ജില്ലാ കളക്ടർ ചെയർമാനായുള്ള ഒരു പ്രത്യേകകമ്മിററിയാണു് ബാലഭവൻെറ ഭരണച്ചുമതല വഹിക്കുന്നതു്. നെഹ്റുസ്മാരകഫണ്ടിൽനിന്നു് ഒന്നേമുക്കാൽ ലക്ഷം രൂപ ഗ്രാൻറായി ലഭിക്കുകയുംചെയ്തു. കുട്ടികളുടെ സർഗ്ഗാത്മക വാസനയെ പോഷിപ്പിക്കുവാനാവശ്യമായ വിവിധ പരിപാടികൾ ഇവിടെ നടത്തുന്നുണ്ടു്. 1200–ൽപരം കുട്ടികൾ ഈ പരിപാടികളിൽ പങ്കെടുത്തുവരുന്നു.

1964–ൽ പണി പൂർത്തിയാക്കിയ നാലുനിലക്കെട്ടിടത്തിലുള്ള സ്ഥലസൗകര്യം ഇത്രവേഗം അപര്യാപ്തമാകുമെന്നു പ്രതീക്ഷിച്ചിരുന്നതല്ല. തന്മൂലം ലാൽബഹാദൂർ റോഡിനുസമീപം ബേക്കർ പുരയിടത്തിൽനിന്നും പുകടിയിൽനിലത്തിൽനിന്നുമായി രണ്ടേക്കർ 11

സെൻറ് സ്ഥലം മൂന്നേകാൽലക്ഷം രൂപ വിലയ്ക്കു വാങ്ങി, പുതിയ ലൈബ്രറിമന്ദിരം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. പ്രഥമഘട്ടമായി 5 ലക്ഷം രൂപ മുടക്കി രണ്ടു നിലകളിലുള്ള ഒരു മന്ദിരം പണിയുവാനാണ് ഉദ്ദേശിക്കുന്നതു്. എട്ടുലക്ഷം രൂപ ചെലവുവരുന്ന ഒരു ആഡിറേറാറിയവും ഈ സ്ഥലത്തുതന്നെ പണിയിക്കുവാനുള്ള ആലോചനകൾ നടന്നുവരുന്നു. ഇതിലേക്കു് കേന്ദ്ര ഗവൺമെൻറ് ഒന്നേകാൽലക്ഷം രൂപ അനുവദിച്ചിട്ടുണ്ടു്.

1800 അംഗങ്ങളാണു് മെയിൻ ലൈബ്രറിയിലുള്ളതു്. ജില്ലാ ഡിസ്ട്രിബ്യൂട്ടിംഗ് ലൈബ്രറിയിലുള്ള 23,000 പുസ്തകവും കുട്ടികളുടെ ലൈബ്രറിയിലുള്ള നാലായിരത്തിൽപരം പുസ്തകവുമുൾപ്പെടെ 76,000 പുസ്തകമാണുള്ളതു്. പുസ്തകത്തിൻെറ കാര്യത്തിൽ കോട്ടയം പബ്ലിക് ലൈബ്രറിക്കു് കേരളത്തിൽ മൂന്നാംസ്ഥാനമാണുള്ളതു്. ഒന്നാമതു് കേരളയൂണിവേഴ്സിററി ലൈബ്രറിയും, രണ്ടാമത്തേതു് ഗവൺമെൻറ് നേരിട്ടു നടത്തുന്ന തിരുവനന്തപുരം പബ്ലിക് ലൈബ്രറിയും. ഇവ രണ്ടിലും ഒന്നേകാൽ ലക്ഷം പുസ്തകംവീതമുണ്ടു്.

ലൈബ്രറിയുടെ പ്രതിവർഷവരവു് 60,000 രൂപയിലധികമാണു്. അത്രയുംതന്നെ ചെലവുമാകുന്നു. ഗവൺമെൻറിൽനിന്നു് ഈ ഇനത്തിൽ ലഭിക്കുന്നതു് വെറും 1440 രൂപയാണു്. മെയിൻ ലൈബ്രറിമന്ദിരത്തിൻെറ ഒന്നും രണ്ടും നിലകളിൽനിന്നു ലഭിക്കുന്ന വാടകയും വരിസംഖ്യയുമാണു് ലൈബ്രറിയുടെ വരുമാനമാർഗ്ഗങ്ങൾ. ലൈബ്രറിയുടെ മൊത്തം ആസ്തി 16 ലക്ഷം രൂപയിലധികമാണു്.

വിദ്യാഭ്യാസവിഭവകേന്ദ്രം

ഒരു ദേശീയവിദ്യാഭ്യാസവിഭവകേന്ദ്രം സ്ഥാപിക്കാൻ ഇന്ത്യാഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടു്. അവിടെ സർവ്വകലാശാലാതലത്തിലുള്ള എല്ലാ പാഠ്യഗ്രന്ഥങ്ങളും ശേഖരിക്കും. വിദ്യാഭ്യാസവകുപ്പിൻെറയും ഫെഡറേഷൻ ഓഫ് പബ്ലിഷേഴ്സ് ആൻഡ് ബുക്ക് സെല്ലേഴ്സ് അസോസിയേഷൻസ് ഓഫ് ഇന്ത്യയുടെയും ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്ന ഈ കേന്ദ്രം വിജ്ഞാനഗ്രന്ഥങ്ങളും ഇറക്കുമതിചെയ്യുന്ന ഗ്രന്ഥങ്ങളും തരംതിരിച്ചു സൂക്ഷിക്കും. അതിൻെറ കീഴിൽ ഒരു ടെക്സ്റ്റ് ബുക്ക് റഫറൻസ് ലൈബ്രറി നടത്തുന്നതാണു്. വിദ്യാർത്ഥികൾ, ഗ്രന്ഥകർത്താക്കൾ, പ്രസാധകർ എന്നിവർക്കുപകപ്പവകാശം, റോയൽററി മുതലായ പ്രശ്നങ്ങളെ സംബന്ധിച്ച് ഇതു് ഒരു ഇൻഫർമേഷൻ സെൻററായിരിക്കും. കഴിഞ്ഞ അഞ്ചുവർഷത്തിനകം പ്രസിദ്ധപ്പെടുത്തിയ എല്ലാ ടെക്സ്റ്റ്പുസ്തകങ്ങളും ഈ കേന്ദ്രത്തിൽ ശേഖരിക്കുന്നതായിരിക്കും.

കോട്ടയം പട്ടണം

ടി. എസ്. ശ്രീധരൻനായർ

പുസ്തകങ്ങളുടെ നാട്, സാഹിത്യകാരന്മാരുടെ തലസ്ഥാനം, പത്രങ്ങളുടെ തറവാട് എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന ഒരു സാംസ്കാരികകേന്ദ്രമാണ കോട്ടയം. കോട്ടയം ജില്ലയുടെ വിസ്തീർണ്ണ്ണം 2,203 ച. കി. മീറ്ററാണ്. ജനസംഖ്യ 15,36,337. സാക്ഷരതാ ശതമാനം 67.59. എന്നാൽ കോട്ടയം താലൂക്കിലെ 75 ശതമാനത്തിലധികം ജനങ്ങളും സാക്ഷരതയുള്ളവരാണ്.

കോട്ടയം പട്ടണത്തിലെ ജനസംഖ്യ 59,718 ആണ്. അതിൽ 30,017 പുരുഷന്മാരും 29,701 സ്ത്രീകളുമുണ്ട്. കോട്ടയം പട്ടണത്തിലെ സാക്ഷരതാശതമാനം 77.28 ആണ്. സ്ത്രീകളെക്കാൾ പുരുഷന്മാരാണ സാക്ഷരതയിൽ മുന്നിട്ടുനില്ക്കുന്നത്.

അപ്പോൾ കോട്ടയം പട്ടണത്തിൽ ഇനി 22.72 ശതമാനത്തിനും കോട്ടയം ജില്ലയിൽ 32 41 ശതമാനത്തിനും സാക്ഷരത ഉണ്ടാകേണ്ടതുണ്ട്. കോട്ടയം ജില്ലയിലെ ജനസാന്ദ്രത ച. കി. മീറ്ററിനു 326 എന്ന തോതിലാണ്. ഇടുക്കി ജില്ലയുടെ രൂപവൽക്കരണത്തോടെ മലയോരപ്രദേശങ്ങളും കുന്നിൻമേഖലകളും കോട്ടയത്തിനു നഷ്ടപ്പെട്ടു.

കോട്ടയവും പരിസരപ്രദേശങ്ങളും കടൽക്ഷോഭംമൂലം ഉയർന്നുവന്നതാണെന്നതാണ് ഐതിഹ്യം. തെക്കുംകൂർ, വടക്കുംകൂർ രാജാക്കന്മാരുടെ കാലംമുതൽ കോട്ടയം സാഹിത്യാദികലകളിൽ പ്രസിദ്ധമാണ്. മീനച്ചിൽ, വൈക്കം, കോട്ടയം, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി എന്നീ താലൂക്കുകളാണ് ഇപ്പോൾ കോട്ടയം ജില്ലയിലുള്ളതു്.

വൻകിടവ്യവസായങ്ങൾ കോട്ടയംജില്ലയിൽ കുറവാണെങ്കിലും തോട്ടവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. ഗതാഗതവും പൊതുജനാരോഗ്യസൗകര്യങ്ങളും മെച്ചമായ നിലയിലാണ്.

സി. എം. എസ്. മിഷനറിമാർ ഒന്നേകാൽ നൂററാണ്ടുമുമ്പ് ആരംഭിച്ച ഗ്രാമർസ്കൂളും ഒന്നരനൂററാണ്ടുമുമ്പ് സ്ഥാപിച്ച സി. എം. എസ്. പ്രസ്സും ഈ പ്രദേശത്തെ ചരിത്രത്തിലെ നാഴികക്കല്ലാണ്. പട്ടണത്തെ സാംസ്കാരികകേന്ദ്രമാക്കിയ അടിസ്ഥാനശിലകളാണ് ഇവ രണ്ടും. 1857–ൽ മദ്രാസ് സർവ്വകലാശാല സ്ഥാപിതമായപ്പോൾ കേരളത്തിൽനിന്നു് ആദ്യമായി അതിന്റെ കീഴിൽ വന്നതു കോട്ടയം സി. എം. എസ്. കോളജാണ്.

കോട്ടയത്തെ ഗവണ്മെന്റ് കോളജ്, സി.എം.എസ്. കോളജ്, ബി.സി.എം.കോളജ്, ബസേലിയോസ് കോളജ്, ചങ്ങനാശേരിയിലെ സെന്റ് ബക്ക്മൻസ് കോളജ്, എൻ.എസ്.എസ്. ഹിന്ദു കോളജ്, അസംപ്ഷൻ കോളജ്, പാലായിലെ സെന്റ് തോമസ് കോളജ്, അൽഫോൻസ കോളജ്, കാഞ്ഞിരപ്പള്ളിയിലെ സെന്റ്

ഡൊമിനിക്ക് കോളജ്, അരുവിത്തുറയിലെ സെൻറ് ജോർജ്ജ് കോളജ്, മാന്നാനത്തെ കുര്യാക്കോസ് ഏലിയാസ് കോളജ്, അമലഗിരിയിലെ ബിഷപ്പ് കുര്യാളശ്ശേരി കോളജ്, കോട്ടയത്തെ മൗണ്ട് കാർമൽ ട്രെയിനിംഗ് കോളജ്, ചങ്ങനാശേരിയിലെ എൻ. എസ്. എസ്. ട്രെയിനിംഗ് കോളജ്, മാന്നാനത്തെ സെൻറ് ജോസഫ്സ് ട്രെയിനിംഗ് കോളജ്, കാഞ്ഞിരപ്പള്ളിയിലെ നൂറൽ ഹുദ അറബിക് കോളജ് മുതലായവ കോട്ടയം ജില്ലയെ ഒരു ഉന്നത വിദ്യാഭ്യാസകേന്ദ്രമാക്കിയിട്ടുണ്ട്.

കോട്ടയത്തെ 20 കോളജുകളിൽ മുപ്പതിനായിരം വിദ്യാർത്ഥികൾ പഠിക്കുന്നു. പോളിടെക്ക്നിക്ക്, ഹൈസ്ക്കൂളുകൾ, പ്രൈമറി സ്ക്കൂളുകൾ എന്നിവയുടെ എണ്ണത്തിലും കോട്ടയം കോളജുകളുടെ സംഖ്യാനിലവാരം പുലർത്തുന്നു കോട്ടയം മെഡിക്കൽ കോളജ് ഒരു ഉന്നത വൈദ്യശുശ്രൂഷാകേന്ദ്രമെന്ന ബഹുമതിയും ഈ പട്ടണത്തിനു നേടിക്കൊടുത്തിട്ടുണ്ട്.

കേരളത്തിലെ ഏററവും പഴക്കമുള്ള മലയാളപത്രമായ ദീപിക, ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ഭാഷാപത്രമായ മലയാളമനോരമ, ഒരു ദിവസം ഒരു പുസ്തകംവീതം പ്രസിദ്ധപ്പെടുത്തുന്ന സാഹിത്യപ്രവർത്തക സഹകരണസംഘം, ഏഷ്യയിലെ ഏററവും വലിയ ബാലജനസംഘടനയായ അഖിലകേരള ബാലജനസഖ്യം, കേരളത്തിലെ പ്രമുഖ വായനശാലയായ കോട്ടയം പബ്ലിക്ക് ലൈബ്രറി, ഇന്ത്യൻ റബർബോർഡ് മുതലായവയുടെ ആസ്ഥാനമെന്ന നിലയിൽ കോട്ടയം ഇന്ത്യയിലെന്നല്ല, ലോകത്തിൽത്തന്നെ ഒരു സാംസ്കാരികകേന്ദ്രമായി അറിയപ്പെടുന്നു.

മലയാളം ബുക്ക് ഡവലപ്മെൻറ് കൗൺസിൽ

മലയാളപുസ്തകങ്ങളുടെ അച്ചടിനിലവാരം മെച്ചപ്പെടുത്തുന്നതിനും മികച്ച അച്ചടിക്ക് അംഗീകാരവും പ്രോത്സാഹനവും നല്കുന്നതിനും മററുമായി ഡൽഹിയിലെ നാഷനൽ ബുക്ക് ഡവലപ്മെൻറ് ബോർഡിൻെറ മാതൃകയിൽ ഒരു മലയാള ബുക്ക് ഡവലപ്മെൻറ് കൗൺസിൽ ഉണ്ടാക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ ഗവൺമെൻറിലേക്കു സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടുമെന്നാണു പ്രതീക്ഷ. പുസ്തകങ്ങളുടെ സംഭരണവും വിപണനവും മെച്ചപ്പെടുത്തുന്നതിനായി ഒരു 'ബുക്ക് കോർപറേഷൻ' രൂപവൽക്കരിക്കുന്നതുസംബന്ധിച്ച പ്രാഥമികനിർദ്ദേശങ്ങളും ഗവൺമെൻറിനു നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ സമഗ്രമായി പഠിച്ചു റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മിററിയെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്.

പുസ്തകപ്രദർശനക്കമ്മററി

കെ. എം. ചെറിയാൻ — രക്ഷാധികാരി
ചീഫ് എഡിററർ, മലയാള മനോരമ

എം. രഘുനാഥൻ — ചെയർമാൻ
ജില്ലാ കളക്ടർ, കോട്ടയം

കെ. കര്യൻ ഉമ്മൻ — വൈസ് ചെയർമാൻ
മുനിസിപ്പൽ ചെയർമാൻ, കോട്ടയം

വയസ്കര എൻ. എസ്. മൂസ്സ് — വൈസ് ചെയർമാൻ

എൻ. കൃഷ്ണപിള്ള — ,,
പ്രസിഡണ്ട്, എസ്. പി. സി. എസ്.

സി. കെ. മാണി — ,,
പ്രസിഡണ്ട്, കോട്ടയം പബ്ലിക് ലൈബ്രറി

ടി. എസ്. വെങ്കിടാചലം — ,,
പോലീസ് സൂപ്രണ്ട്, കോട്ടയം

ഡി. സി. കിഴക്കെമുറി — സെക്രട്ടറി
സെക്രട്ടറി, എസ്. പി. സി. എസ്., കോട്ടയം

പി. എ. ജോൺ — ജോയിന്റ് സെക്രട്ടറി
അഡ്മിനിസ്ട്രേററീവ് സെക്രട്ടറി, കോട്ടയം പബ്ലിക് ലൈബ്രറി

ഡോ: പി. ഇ. തോമസ് — ഓർഗ: സെക്രട്ടറി
പ്രൊഫസർ, സി. എം. എസ്. കോളജ്

ടി. എസ്. ശ്രീധരൻനായർ — ,,
ഹെഡ്മാസ്റ്റർ, എൻ. എസ്. എസ്. ഹൈസ്കൂൾ, കോട്ടയം

ഡി. ബാബു പോൾ — എക്സി: കമ്മററി അംഗം
ജില്ലാ കളക്ടർ, ഇടുക്കി

എൻ. ദാമോദരക്കുറുപ്പ് — ,,
മുനിസിപ്പൽ കമ്മീഷണർ, കോട്ടയം

ജെ. ഭാഗീരഥിഅമ്മ — ,,
ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ആഫീസർ, കോട്ടയം

പി. പരമേശ്വരൻ — ,,
ഫീൽഡ് പബ്ലിസിററി ആഫീസർ, കോട്ടയം

കെ. ചന്ദ്രനാഥൻനായർ — ,,
ജില്ലാ ഇൻഫർമേഷൻ ആഫീസർ, ഇടുക്കി

എസ്. ശ്രീധരൻനായർ — ,,
ജില്ലാ ഇൻഫർമേഷൻ ആഫീസർ, കോട്ടയം

എൻ. ചെല്ലപ്പൻപിള്ള — ,,
പ്രസിഡണ്ട്, വർക്കിംഗ് ജേർണലിസ്റ്റ് അസോസിയേഷൻ

ഡാ. എ. പി. മാണി
പ്രിൻസിപ്പൽ ബസേലിയോസ് കോളജ്, കോട്ടയം

സി. യു. മാത്യു
ഹെഡ്മാസ്റ്റർ, എം. ഡി. എസ്. ഹൈസ്കൂൾ, കോട്ടയം

കോശി ജോൺ
വിദ്യാർത്ഥിമിത്രം, കോട്ടയം

എൻ. ഗോപിനാഥൻനായർ
മാനേജർ, കോട്ടയം ഇലക്ട്രിക് സപ്ലൈ ഏജൻസി

എസ്. വി. നാരായണഅയ്യർ
അഡ്വൊക്കേറ്റ്

ഡോ. കെ. ജോർജ്ജ് തോമസ്
മാനേജിംഗ് എഡിറ്റർ, കേരളഭൂഷണം

ഫാദർ കൊളംബിയർ സി. എം. ഐ.
മാനേജിംഗ് എഡിറ്റർ, ദീപിക

ഫാദർ ഇസിഡോർ എം. വടക്കൻ

ജോൺ പെല്ലിശ്ശേരി

വെട്ടൂർ രാമൻനായർ

എം. കെ. മാധവൻനായർ

പി. എം. ജോർജ്ജ്

എസ്. ശിവദാസ്

മിസ്സസ്സ് കെ. എം. മാത്യു

മിസ്സസ്സ് റെയ്ച്ചൽ തോമസ്

കാരൂർ നീലകണ്ഠപ്പിള്ള

പുസ്തകക്ഷാമം

വികസ്വരരാജ്യങ്ങളിൽ 1960–നും 1968–നും ഇടയ്ക്ക് പ്രാഥമികവിദ്യാഭ്യാസത്തിനു ചേർന്ന കുട്ടികളുടെ സംഖ്യ 930 ലക്ഷം വർദ്ധിച്ചു. വായിക്കാനും എഴുതാനും അറിയാവുന്നവരുടെ സംഖ്യയിൽ 1730 ലക്ഷത്തിൻെറ വർദ്ധനയുണ്ടായി. അതേസമയം വികസ്വരരാജ്യങ്ങളിലെ മൊത്തം ജനസംഖ്യാവർദ്ധന 5200 ലക്ഷമായിരുന്നു. 1960–നും 1970–നും ഇടയ്ക്ക് വായിക്കാനറിയാവുന്നവരുടെ സംഖ്യ 2665 ലക്ഷം വർദ്ധിച്ചിട്ടുണ്ട്. അതിനാൽ ഈ രാജ്യങ്ങളിൽ പുസ്തകോൽപ്പാദനം അല്പം വർദ്ധിച്ചെങ്കിലും ജനസംഖ്യാവർദ്ധനയുടെ അടിസ്ഥാനത്തിൽ അതു വളരെ കുറവാണെന്നു കാണാം. ആഫ്രിക്ക, ഏഷ്യ, ലാററിൻ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ സ്ഥിതിയാണിതു്.

ശീലിക്കേണ്ട ഗുണങ്ങൾ
രണ്ടെണ്ണം

1. പുസ്തകങ്ങൾ വാങ്ങി വായിക്കുകയും സൂക്ഷിക്കുകയും ചെയ്യുക.
2. ജോലിചെയ്ത പണം ശേഖരിച്ച് ആവശ്യംകഴിഞ്ഞു മിച്ചംവയ്ക്കുക.

—പുസ്തകങ്ങൾ വീട്ടുകളിൽ സൂക്ഷിച്ചാൽ വിജ്ഞാനവർദ്ധനവിനു സഹായിക്കും

—എന്നാൽ പണം വീട്ടുകളിൽ സൂക്ഷിച്ചാൽ വർദ്ധന ഉണ്ടാകയില്ല.

നിങ്ങൾക്കു മിച്ചംവയ്ക്കാൻ സാധിക്കുന്ന പണം ഏററവും വേഗം വർദ്ധിക്കുന്ന ബാങ്കിൽ നിക്ഷേപിക്കുക